

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പട്ടണക്കാട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2022-2023



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.ALP.P-2/1094/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 03/10/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പട്ടണക്കാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പട്ടണക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പട്ടണക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള

ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.ALP.P-2/1094/2023 തീയ്യതി: 03/10/2023

ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ്

ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
രാജീവ് ആർ	ഡെപ്യൂട്ടി ഡയറക്ടർ	05-08-2023	14-08-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
05-08-2023	14-08-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സുരേഷ്.എസ്, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീ.പുഷ്പരാജ്.വി.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.രാജിമോൾ.പി.സി, സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
സുജിതാ ദിലീപ്	പ്രസിഡന്റ്	01-04-2022	31-03-2023
കെ സാബുമോൻ	സെക്രട്ടറി	01-04-2022	06-10-2022
ജോയ് മാത്യു	സെക്രട്ടറി	07-10-2022	31-03-2023

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
അശ്വതി ആർ	കൃഷി ഓഫീസർ	01-04-2022	31-03-2023
ആർ ഉണ്ണികൃഷ്ണൻ	വെറ്ററിനറി സർജൻ	01-04-2022	31-03-2023
സിന്ധു ജിങ്ക ചാക്കോ	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2022	04-01-2023
മോനിഷ എസ്	ഐ.സി.ഡി.എസ് സൂപ്പർവൈസർ	05-01-2023	31-03-2023

ഡോ. മൃദുല രാവുണ്ണി	മെഡിക്കൽ ഓഫീസർ(അലോപ്പതി)	01-04-2022	31-03-2023
ഡോ. ജയരാജ് എം	മെഡിക്കൽ ഓഫീസർ(ആയുർവ്വേദം)	01-04-2022	21-03-2023
ഡോ. ധന്യാ രവി	മെഡിക്കൽ ഓഫീസർ(ആയുർവ്വേദം)	22-03-2023	31-03-2023
ഡോ. സ്നേഹ പി എസ്	മെഡിക്കൽ ഓഫീസർ(ഹോമിയോ)	01-04-2022	08-06-2022
ഡോ. റംലത്ത് ബീവി	മെഡിക്കൽ ഓഫീസർ(ഹോമിയോ)	09-06-2022	28-02-2023
ഡോ. ഹേമ തിലക്	മോഡിക്കൽ ഓഫീസർ(ഹോമിയോ)	01-03-2023	31-03-2023
മിനിമോൾ വി എസ്	സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്	01-04-2022	31-03-2023
സന്ധ്യ കെ പി	ഹെഡ്മിസ്ട്രസ്	01-04-2022	31-03-2023
സിനി എസ്	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2022	31-03-2023

ലൈജുമോൻ വി പി	വി.ഇ.ഒ പട്ടണക്കാട്	01-04-2022	31-03-2023
ബിൻസി അഗസ്റ്റിൻ	വി.ഇ.ഒ വെട്ടയ്ക്കൽ	01-04-2022	31-03-2023
മേരി ഗ്രേസ് കെ	അസിസ്റ്റന്റ് സെക്രട്ടറി	01-04-2022	31-03-2023
വിനീത് എൻ	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2022	31-03-2023

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല	1-1-1
3	ക്യാഷ് ഫ്ലോ പത്രിക-പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയുടെ യഥാർത്ഥ ചിത്രം നല്കുന്നില്ല	1-1-2
4	വിവിധ ഫണ്ടുകളുടെ എ.സി.ആറും വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല	1-1-3
5	സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല	1-1-4
6	കച്ചവടക്കാരുടെ തൊഴിൽ നികുതി -രജിസ്റ്ററിലെ രേഖപ്പെടുത്തൽ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല	1-1-5
7	മുൻകൂർ നല്കിയ തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല.	1-1-6
8	ബജറ്റ്	1-2
9	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)	1-3

10	ഗ്രാന്റ് വിനിയോഗം (എ.സി.ആർ പ്രകാരം)	1-4
11	പദ്ധതി അവലോകനം	1-5
12	തൊഴിലുറപ്പ് പദ്ധതി	1-6
13	ക്ഷേമ പദ്ധതികൾ	1-7
14	ക്യാഷ് വെരിഫിക്കേഷൻ	1-8
15	ആഭ്യന്തര നിയന്ത്രണം	1-9
16	ടാക്സ് ഓഡിറ്റ്	1-10
17	ഫ്യൂവൽ സ്റ്റേഷന്റെ കാനോപ്പി ഭാഗത്തെ വസ്തുനികുതി ചുമത്തിയില്ല	1-11
18	ഓഡിറ്റ് ഇംപാക്ട് - ജീവനക്കാരിൽ നിന്നും കുറവായി ഈടാക്കിയ തൊഴിൽ നികുതി 2360/- രൂപ തിരിക ഒടുക്കി	1-12-1
19	തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയിട്ടില്ല	1-12
20	സ്ഥാപന തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയിട്ടില്ല	1-13
21	കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല	1-14
22	ലൈസൻസ് എടുക്കാതെ പഞ്ചായത്തിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു	1-15

23	വാടകയിനത്തിൽ കുടിശിക	1-16
24	ഒരേ പരസ്യത്തിന് രണ്ടു പ്രാവശ്യം തുക അനുവദിച്ചു നഷ്ടം 10080/-	1-17
25	ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ ഈടാക്കണം	1-18
26	വിൻഡോ മാത്യകയിലുള്ള പത്രപരസ്യങ്ങൾ നിർദ്ദിഷ്ട വലിപ്പത്തിൽ കൂടുതൽ നൽകിയത് അധിക ചെലവിനിടയാക്കുന്നു	1-19
27	ബാരൽ വില കുറവ് ചെയ്തില്ല- നഷ്ടം സംബന്ധിച്ച്	1-20
28	എസ്കവേഷനിലൂടെ ലഭിച്ച മണ്ണ് ലേലം ചെയ്തില്ല	1-21
29	ഫൈൻ ഈടാക്കിയില്ല പഞ്ചായത്ത് ഫണ്ടിന് 892/- രൂപയുടെ നഷ്ടം	1-22
30	റയിൽ കൂന്തറ റോഡ് ടാറിംഗ് വാർഡ്-2- പ്രവർത്തി പൂർത്തീകരിച്ചില്ല	1-23
31	കരാറുകാർ -ഇൻഷുറൻസ് എടുക്കുന്നില്ല	1-24
32	കാലിത്തീറ്റ വിതരണം -അധിക തുക സബ്സിഡി നൽകി	1-25
33	വയോജനങ്ങൾക്ക് കട്ടിൽ വിതരണം-സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല	1-26
34	മിനി മാസ്റ്റ് ലൈറ്റ് റിപ്പയറിംഗ്	1-27

35	സ്റ്റാക്ക് അളവിൽ നിന്നും വോയിഡ്സിനത്തിൽ 7.5% കുറവുചെയ്തില്ല. അധികം നൽകിയത് 4554/-രൂപ	1-28
36	തൊഴിലുറപ്പു പദ്ധതി - നഴ്സറി നിർമ്മാണം-തൊഴിൽ ദിനങ്ങൾ കൂടുതലായി അനുവദിക്കുന്നു	1-29
37	ആവശ്യമായതിലും കൂടുതൽ വീതിയിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നത് അധികച്ചെലവിനിടയാക്കുന്നു	1-30
38	തൊഴുത്ത് നിർമ്മാണം ഗുണഭോക്താവ് വാങ്ങിയ അളവിനേക്കാൾ കൂടിയ അളവിനും വാങ്ങിയ നിരക്കിനേക്കാൾ (മാർക്കറ്റ് വിലയോക്കാൾ)കൂടിയ നിരക്കിനും തുക അനുവദിച്ചതു വഴി അധികം നൽകിയത് - 56209/-	1-31
39	ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ വിവരമില്ല	1-32
40	തുല്യതാ പരീക്ഷ - രേഖകൾ ഹാജരാക്കിയില്ല	1-33
41	ഗാർഹികതല കക്കൂസ് നിർമ്മാണം -പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല	1-34
42	ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ -മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല	1-35

43	കന്നുകുട്ടി പരിപാലനം- തുക പൂർണമായും വിനിയോഗിച്ചില്ല	1-36
44	ലൈഫ് ഭവനപദ്ധതി -ആദ്യഗഡു കൈപ്പറ്റിയെങ്കിലും പണി ആരംഭിച്ചിട്ടില്ല	1-37
45	ഇലക്ട്രിക്ക് സാമഗ്രികൾ വാങ്ങൽ - ആസൂത്രണത്തിലെ പാളിച്ച അധികച്ചെലവിനിടയാക്കുന്നു.	1-38
46	എസ്സ് സി വിദ്യാർത്ഥികൾക്ക് പഠനമുറി-പദ്ധതി പൂർത്തീകരിച്ചിട്ടില്ല	1-39
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
1	ഒരേ പരസ്യത്തിന് രണ്ടു പ്രാവശ്യം തുക അനുവദിച്ചു നഷ്ടം 10080/-,ഡിസ്കൗണ്ട് ലഭ്യമായില്ല നഷ്ടം -4846/-	3-1
2	തൊഴുത്ത് നിർമ്മാണം ഗുണഭോക്താവ് വാങ്ങിയ അളവിനേക്കാൾ കൂടിയ അളവിനും വാങ്ങിയ നിരക്കിനേക്കാൾ (മാർക്കറ്റ് വിലയേക്കാൾ)കൂടിയ നിരക്കിനും തുക അനുവദിച്ചതു വഴി അധികം നൽകിയത് - 56209/-	3-2
3	സ്റ്റാക്ക് അളവിൽ നിന്നും വോയിഡ്സിനത്തിൽ 7.5% കുറവുചെയ്തില്ല. അധികം നൽകിയത് 4554/-	3-3

4	കാലിത്തീറ്റ വിതരണം-അധിക തുക സബ്സിഡി നൽകി	3-4
ഭാഗം 4		
1	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ്	4-3
4	വായ്പ/വായ്പാ തിരിച്ചടവ്	4-4
5	സ്ഥിര നിക്ഷേപം	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-7
8	ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 19.07.2023-ലെ കമ്മറ്റി 2-ാം നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 20.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പട്ടണക്കാട് ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും

ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി പട്ടണക്കാട് ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള താഴെപ്പറയുന്ന പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

1).റേഷ്യോസ്

2).അക്കൗണ്ടിന്മേലുള്ള സെക്രട്ടറിയുടെ കുറിപ്പുകൾ
ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻകൃയറിയ്ക്ക് (നം.7 തീയതി. 11.08.2023)അടുത്ത വർഷം മുതൽ ഹാജരാക്കുന്നതാണെന്ന് മറുപടി നല്കി.

1-1-2 ക്യാഷ് ഫ്ലോ പത്രിക-പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയുടെ യഥാർത്ഥ ചിത്രം നല്കുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും [(-)6139438 രൂപ] പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും [9949053/-രൂപ] തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻകൃയറിയ്ക്ക് (നം.7 തീയതി.11.08.2023) പഞ്ചായത്ത് തലത്തിൽ ഈ ന്യൂനത പരിഹരിക്കാനാവില്ലെന്ന് മറുപടി നല്കി.

1-1-3 വിവിധ ഫണ്ടുകളുടെ എ.സി.ആറും വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല

1. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം Development Fund -General ഇനത്തിൽ തൻവർഷത്തെ ചെലവ് 20361713/-രൂപയും തൻവർഷ അലോട്ട്മെന്റിൽ നിന്നും ഉറവിടത്തിൽ കുറവ് ചെയ്ത തുക 6565651/- രൂപയുമാണ്. ആകെ 26927364/-രൂപ. എന്നാൽ വാർഷിക കണക്ക് (ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6) പ്രകാരം ഈയിനത്തിലുള്ള വരവും (₹26349746/-) ഈയിനത്തിൽ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിൽ ഉൾപ്പെട്ടിട്ടുള്ള തുകയും (₹524333/-) ചേർന്ന് വരുന്ന തുക ₹26874079/- മാത്രമാണ്.

2. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം Development Fund -Special Component Plan ഇനത്തിൽ തൻവർഷത്തെ ചെലവ് 3950836/-രൂപയും തൻവർഷ അലോട്ട്മെന്റിൽ നിന്നും ഉറവിടത്തിൽ കുറവ് ചെയ്ത തുക 401347/- രൂപയുമാണ്. ആകെ 4352183/-രൂപ. എന്നാൽ വാർഷിക കണക്ക് (ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6) പ്രകാരം ഈയിനത്തിലുള്ള വരവ് 4327183/- രൂപ മാത്രമാണ്.

3. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം Maintenance Fund – Non Road Assets ഇനത്തിൽ തൻവർഷത്തെ ചെലവ് 2635249/-രൂപയാണ്. എന്നാൽ വാർഷിക കണക്ക് (ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6) പ്രകാരം ഈയിനത്തിലുള്ള വരവും (₹1567090/-) ഈയിനത്തിൽ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിൽ ഉൾപ്പെട്ടിട്ടുള്ള തുകയും (₹128006/-) ചേർന്ന് വരുന്ന തുക ₹1695096/- മാത്രമാണ്.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.7 തീയതി.11.08.2023)മേൽ ഫണ്ടുകളുടെ എ.സി.ആറിൽ ഉൾപ്പെട്ട വ്യത്യാസത്തിന് സമാനമായ തുക ട്രഷറിയിൽ ബിൽ മുഖേന സമർപ്പിച്ചിരുന്നെങ്കിലും ആയത് പാസായിരുന്നില്ല. ഓൺലൈനിൽ ഈ ബില്ലുകൾ ട്രഷറിയിൽ നിന്നും നിരസിച്ച നല്കാത്തതാണ് വ്യത്യാസത്തിനു കാരണമെന്നും, നിരസിച്ച് ലഭിക്കുന്നതിന് കത്ത് നല്കിയതായും അറിയിച്ചു.

1-1-4 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

വസ്തു നികുതി, വാടക, ലൈസൻസ്, കച്ചവടക്കാരുടെ തൊഴിൽ നികുതി തുടങ്ങി അക്രുവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് എൻട്രി വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും രേഖപ്പെടുത്തിയിട്ടില്ല. 31.03.2023-ൽ മാത്രമാണ് രേഖപ്പെടുത്തലുകളുള്ളത്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.7 തീയതി.11.08.2023)അടുത്ത വർഷം മുതൽ സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നതാണെന്ന് മറുപടി നല്കി.

1-1-5 കച്ചവടക്കാരുടെ തൊഴിൽ നികുതി -രജിസ്റ്ററിലെ രേഖപ്പെടുത്തൽ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല

1. റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ RP-45 പ്രകാരം Receivables For Profession Tax - Traders, Institutions (Current) എന്നീയിനങ്ങളിലുള്ള ആകെ വരവ് (168950+66900) 235850/-

രൂപയെന്ന് കാണുന്നു. എന്നാൽ രജിസ്റ്റർ പ്രകാരം ഈയിനങ്ങളിലുള്ള ആകെ വരവ് 241350/- രൂപയെന്ന് കാണുന്നു.

2. ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-1 പ്രകാരം Profession Tax- Traders, Institutions (Current) എന്നീയിനങ്ങളിലുള്ള ആകെ ഡിമാന്റ് (288690+66900) 355590/-രൂപയെന്ന് കാണുന്നു. എന്നാൽ രജിസ്റ്റർ പ്രകാരം ഈയിനങ്ങളിലുള്ള ആകെ ഡിമാന്റ് 361090/-രൂപയെന്ന് കാണുന്നു.

1-1-6 മുൻകൂർ നല്കിയ തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല.

ഉപയോഗ ശൂന്യമായ പൊതുടാപ്പുകൾ വിച്ഛേദിയ്ക്കുന്നതിന് 141000/-രൂപ, പറപ്പള്ളി സ്കൂയിസിലെ പൈപ്പ് മാറ്റുന്നതിന് 30000/-രൂപ എന്നിങ്ങനെ 1,70,000/- രൂപ വാട്ടർ അതോറിറ്റിയിലേയ്ക്ക് നിക്ഷേപിച്ചതായി കാണുന്നു. ടി പ്രവർത്തികൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയതായി കാണുന്നില്ല. എന്നാൽ മേൽ തുകകൾ തൻവർഷത്തെ ബാലൻസ് ഷീറ്റ് B-18-ൽ (അഡ്വാൻസ് ആയി) ഉൾപ്പെട്ട് കാണുന്നില്ല. ഇത് മൂലം ആസ്തിമൂല്യത്തിൽ വ്യതിയാനം ഉണ്ടാകുന്നു.

1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് **30.03.2022** തീയതിയിലെ **(1)** നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

	വരവ്	ചെലവ്
ബജറ്റ് പ്രകാരം	392185260	390572000
വാർഷിക കണക്ക് പ്രകാരം (ഇൻകം& എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം)	216249796	215482553

പുതുക്കിയ ബജറ്റിന്റെ വിവരം

25.03.2023 തീയതിയിലെ (2)നമ്പർ തീരുമാന പ്രകാരം ബജറ്റ് പുതുക്കിയിട്ടുണ്ട്.

	വരവ്	ചെലവ്
പുതുക്കിയ ബജറ്റ് പ്രകാരം	319724260	318111000

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	22006002
വരവ്	69414504
ആകെ	91420506
ചെലവ്	59465451
നീക്കിയിരിപ്പ്	31955055

1-4 ഗ്രാന്റ് വിനിയോഗം (എ.സി.ആർ പ്രകാരം)

ഫണ്ടിനം	മുന്നിരിപ്പ്	സോഴ്സിൽ പിടിച്ചത്	അലോട്ട്മെന്റ് വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ ലാപ്സായ തുക
വി.ഫണ്ട് (ജനറൽ)	0	6565651	21832349	28398000	26874079	1523921 (ലാപ്സായി)
വി.ഫണ്ട് (എസ്.സി.പി)	0	401347	4632653	5034000	4327183	706817 (ലാപ്സായി)

വി.ഫണ്ട് (ടി.എസ്.പി)	0	0	177000	177000	157220	19780 (ലാപ്സായി)
മെയിന്റനൻസ് ഫണ്ട് -റോഡ്	0	0	5670000	5670000	5223840	446160 (ലാപ്സായി)
മെയിന്റനൻസ് ഫണ്ട് -നോൺ റോഡ്	0	0	8067000	8067000	1695096	6371904 (ലാപ്സായി)
13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്- ടൈഡ് -ട്ഷറി	0	0	3640569	3640569	2523018	1117551 (ലാപ്സായി)
13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ടൈഡ് -ബാങ്ക്	1631895	0	7419000	9050895	5940779	3110116 (നീക്കിയിരിപ്പ്)
13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് -അൺടൈഡ് -ട്ഷറി	0	0	549172	549172	546702	2470 (ലാപ്സായി)
13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് -അൺടൈഡ് -ബാങ്ക്	43611	0	5127423	5171034	4672611	498423 (നീക്കിയിരിപ്പ്)

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ചത്- ശതമാനം
213	171650232	71	78704124	83	59	33.33

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണചെലവുകൾ	4588	1621376	1625964	636397	989567
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	81799603	81799603	81799603	0
ആകെ-	4588	83420979	83425567	82436000	989567

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	241800	136
കർഷകതൊഴിലാളി പെൻഷൻ	5929500	608

വിധവാ പെൻഷൻ	9666200	1017
വാർദ്ധക്യകാല പെൻഷൻ	24989000	3156
വികലാംഗ പെൻഷൻ	4831400	467
അവിവാഹിത പെൻഷൻ	1270000	120
വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം	180000	6

1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.8.2023 തീയതിയിൽ 3.10 P.M സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3446/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ചരക്കുകളുടേയും സേവനങ്ങളുടേയും വാങ്ങലുകൾക്ക് വാർഷികാവശ്യം പരിഗണിച്ച് വാങ്ങലുകൾ തിട്ടപ്പെടുത്തപ്പെടുന്നില്ല. അതിനാൽ അധികച്ചെലവിനിടയാക്കുന്നു.

2. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

3. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

4. ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. ആർജ്ജിക്കുന്ന ആസ്തികൾ യഥാസമയം രജിസ്റ്ററിൽ ചേർക്കപ്പെടുന്നില്ല.

5. തൻവർഷം നടപ്പിലാക്കിയ പദ്ധതികളുടെയൊന്നും തന്നെ മോണിട്ടറിംഗ് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ നടത്തിയതായി രേഖയില്ല.

6. വാട്ടർ അതോറിറ്റിയിൽ ടാപ്പുകൾ നീക്കം ചെയ്യാൻ തുക ഒടുക്കിയിട്ടുണ്ടെങ്കിലും പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ ആവശ്യമില്ലാത്ത ടാപ്പുകളുടെ വെള്ളക്കരവും ഒടുക്കേണ്ടിവരുന്ന സാഹചര്യമാണുള്ളത്.

7. തൊഴിലുറപ്പു പദ്ധതിയിൽ ആവശ്യമായതിലും അധികം തൊഴിൽ ദിനങ്ങൾ അനുവദിക്കുന്നു.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

1-10 ടാക്സ് ഓഡിറ്റ്

സർക്കാർ ഗ്രാന്റിനു പുറമെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഗ്രാമപഞ്ചായത്തുകൾ പുതിയ തനതുവരുമാന മേഖലകൾ കണ്ടെത്തേണ്ടതുണ്ട്. എന്നാൽ പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ യോഗങ്ങളിൽ പുതിയ തനതു വരുമാനമേഖലകൾ കണ്ടെത്തുന്നതിനായി നിർദ്ദേശങ്ങളൊന്നുമില്ല.
ബജറ്റിലെ വരവുകളിൽ വസ്തുനികുതിയിൽ വലിയ അന്തരം നിലനിൽക്കുന്നു. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് 48,00,000/-രൂപയും സഞ്ചയ വസ്തുനികുതി വരവ്-36,96,122/- രൂപയുമാണ്. വസ്തു നികുതി പിരിക്കുന്നതിനായി കുടുംബശ്രീ മുഖേന ഡിമാന്റ് നോട്ടീസ് വിതരണം നടത്തിയിട്ടുണ്ട്. ഡിസംബർ മുതൽ ഓരോ വാർഡിലും ക്യാമ്പ് കളക്ഷൻ നടത്തുകയും മാർച്ചിൽ ജീവനക്കാർ നേരിട്ട് വീടുകളിൽ ചെന്ന് നികുതി പിരിക്കുകയും ചെയ്തതിന്റെ ഫലമായാണ് 100% നികുതി ലഭിച്ചതെന്നും പലപ്രാവശ്യം നികുതി ഒടുക്കുവാനുള്ളവരെ നേരിൽ കണ്ട് നികുതി പിരിക്കുന്നതിന് വാർഡു ക്ലാർക്കുമാരെ

സഹായിക്കുന്നതിന് ജീവനക്കാരെ രണ്ടു സ്ക്വാഡുകളായി നിയമിച്ചിരുന്നു.
സ.ഉ.(കൈ) നം.77/2023/LSGD തീയതി 22.03.2023 പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ 01.04.2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളിൽ (ക്രമ നം.10) കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ്വെയറിൽ ചേർക്കേണ്ടതാണെന്നും ഇതിനാവശ്യമായ പരിശോധനകൾ 30.06.2023നു മുൻപായി പൂർത്തിയാക്കേണ്ടതാണെന്നും പറയുന്നു. ആയതിന്റെ വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഉദ്യോഗാർത്ഥികളെ നിയമിച്ചിട്ടുണ്ടെങ്കിലും ഫീൽഡ് പരിശോധന ആരംഭിച്ചിട്ടില്ല. 01.04.2023 മുതൽ വസ്തുനികുതിയിൽ 5% വർദ്ധനവ് നിലവിലിൽ വന്നിട്ടുണ്ട്. വസ്തു നികുതി പരിഷ്കരണ നിരക്കുകൾക്ക് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 09.08.2023ലെ 5(1) തീരുമാനപ്രകാരം അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും സോഫ്റ്റ്വെയർ അപ്ഡേഷൻ നടത്താത്തതിനാൽ നികുതി ഈടാക്കി തുടങ്ങിയിട്ടില്ല. സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഓരോ സ്ഥാപനത്തിന്റെയും അടിസ്ഥാന നികുതി നിരക്ക് വിജ്ഞാപനം ചെയ്തിട്ടുണ്ട്.

പട്ടണക്കാട് ഗ്രാമപഞ്ചായത്തിലെ ഭൂപ്രദേശത്തെ രണ്ടു മേഖലകളായി, പ്രഥമം, ദ്വീതീയം എന്നായി തിരിച്ചിട്ടുണ്ട്.
ഫീൽഡ് പരിശോധന പൂർത്തിയാക്കാതെ പുതുക്കിയ നിരക്കുകൾ പ്രകാരമുള്ള നികുതി മാത്രമാണ് നിലവിൽ ഈടാക്കി തുടങ്ങാൻ പോകുന്നത്. കെട്ടിടങ്ങളുടെ ശരിയായ വിവരം ഉൾപ്പെടുത്തി നികുതി നിശ്ചയിക്കുന്നതിലൂടെ വൻവരുമാനവർദ്ധനവ് നേടാനാവുന്നതാണ്.

നികുതി നിർണ്ണയത്തിനുശേഷമുള്ള കൂട്ടിച്ചേർക്കലുകൾ, ഉപയോഗക്രമത്തിലുള്ള മാറ്റങ്ങൾ,എന്നിവ മൂലം നികുതിയിനത്തിൽ പഞ്ചായത്തിന് നഷ്ടം സംഭവിക്കുന്നുണ്ട്.
2022-23 വർഷത്തിൽ അപാകതയുള്ള 11 ഫയലുകൾ, കംപ്ലീഷന് സമർപ്പിച്ചിട്ടുള്ള 17 ഫയലുകൾ KCZMAയ്ക്ക് അയച്ചിട്ടുള്ള 6 ഫയലുകൾ ഉൾപ്പെടെ 34 അപേക്ഷകൾ തീർപ്പാക്കാനുണ്ട്.

<u>തൊഴിൽ നികുതി</u>

സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാധ്യസ്ഥരായവർ (സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാർ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ളാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ വാഹന ഉടമകൾ, തുടങ്ങിയവരുടെ സമ്പൂർണ്ണ ഡാറ്റാബെയ്സ് പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ഗ്രാമപഞ്ചായത്തിലെ 5 റേഷൻകട ലൈസൻസികളിൽ നിന്നും എല്ലാ വാർഡുകളിലുമുള്ള കള്ള് ഷാപ്പ് ലൈസൻസികളിൽ നിന്നും നികുതി ഈടാക്കുന്നുണ്ട്. 18 വാർഡുകളിലുമുള്ള റേഷൻകട ലൈസൻസികളുടെ കൂടി സമ്പൂർണ്ണ ഡാറ്റാബെയ്സ് തയ്യാറാക്കി നികുതി ഈടാക്കേണ്ടതാണ്.

വിനോദ നികുതി

കേബിൾ ടി.വി. നെറ്റ് വർക്ക് ദാതാക്കളിൽ നിന്നും വിനോദ നികുതി ഈടാക്കുന്നതിന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്.

നികുതിയേതര വരവുകൾ

ദേശീയപാതാ വികസനത്തിന്റെ ഫലമായി പഞ്ചായത്തിൽ നിരവധി വ്യാപാര സ്ഥാപനങ്ങൾ പൊളിച്ചുനീക്കുകയും പുതിയവ നിർമ്മിക്കുയും ചെയ്യുന്നുണ്ട്. ആയതിനാൽ വാർഡ് അടിസ്ഥാനത്തിൽ ഫീൽഡ് പരിശോധന നടത്തി സമഗ്രമായ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിലൂടെയും ക്യാമ്പുകൾ സംഘടിപ്പിച്ച് വ്യാപാര സ്ഥാപനങ്ങളെക്കൊണ്ട് ലൈസൻസ് എടുപ്പിക്കുന്നതിലൂടെയും വരുമാന വർദ്ധനവ് നേടാവുന്നതാണ്.

ആസ്തികളിൽ നിന്നുള്ള ആദായം

പഞ്ചായത്തിന്റെ ആസ്തിയിൽപ്പെട്ട പുതിയ കടമുറികളും, കാലഹരണപ്പെട്ട ആസ്തികൾ യഥാസമയം ലേലംചെയ്യുന്നതുമായി ബന്ധപ്പെട്ട് ഉപയോഗശൂന്യമായ വസ്തുക്കളും, പഞ്ചായത്തിന്റ ആസ്തിയിൽ ഉൾപ്പെട്ട ഫലവൃക്ഷങ്ങളും ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1-11 ഫയർ സ്റ്റേഷന്റെ കാനോപ്പി ഭാഗത്തെ വസ്തുനികുതി ചുമത്തിയില്ല

രണ്ട് ഫയർ സ്റ്റേഷനുകളാണ് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ളത് എന്നിരിക്കെ വളരെ കുറഞ്ഞ വസ്തു നികുതി മാത്രമാണ് താഴെ പറയുന്ന ഫയർ സ്റ്റേഷനു ചുമത്തപ്പെട്ടിട്ടുള്ളത്. സഞ്ചയ ഡേറ്റാ ബേസിലെ വിവരങ്ങൾ പ്രകാരം ഫയർ സ്റ്റേഷനുകളുടെ സെയിൽസ് റൂം ഓഫീസ് റൂം എന്നിവ മാത്രമാണ് നികുതി ചുമത്തിയതെന്നും കാനോപ്പി ഏരിയായോ ബങ്കുകളെയോ നികുതി ചുമത്തുന്നില്ലായെന്നും കാണുന്നു. ഫയർ സ്റ്റേഷന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	ഉടമയുടെ പേര്/സ്ഥാപനം	കെട്ടിട നം	പരിഗണിച്ച തറവിസ്തീർണ്ണം	ചുമത്തിയ വസ്തുനികുതി
1	ഇന്ദു ബാലൻ ഹിന്ദുസ്ഥാൻ പെട്രോളിയം, പട്ടണക്കാട്	7/498	32	1748
2	സീനിയർ ഡിവിഷണൽ മാനേജർ, ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ	6/155	213.8	2859

മുകളിൽ സൂചിപ്പിച്ച ഫയർ സ്റ്റേഷനുകളുടെ കാനോപ്പി ഏരിയ വസ്തുനികുതിയിൽ ഉൾപ്പെടുന്നുണ്ടോയെന്ന് അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയിട്ടുള്ളത്, 7/498 നമ്പർ ഫയർ സ്റ്റേഷൻ 1998 ലും, 6/155 നമ്പർ ഫയർ സ്റ്റേഷന് 2005 ലും അസസ് ചെയ്തിട്ടുള്ളതും അന്ന് പ്രാബല്യത്തിലുണ്ടായിരുന്ന നികുതി നിരക്ക് ഈടാക്കിയിട്ടുള്ളതുമായാണ്.

മുകളിൽ സൂചിപ്പിച്ച ഫയർ സ്റ്റേഷനിൽ പരിശോധന നടത്തി കാനോപ്പി ഏരിയ വസ്തുനികുതിയിൽ ഉൾപ്പെടുന്നുണ്ടോയെന്ന് പരിശോധിച്ച്, കാനോപ്പി ഭാഗം ഉൾപ്പെട്ടിട്ടില്ലായെങ്കിൽ അവയുടെ തറവിസ്തീർണ്ണത്തിനനുസൃതമായി വസ്തുനികുതി ചുമത്തേണ്ടതാണ്.

1-12-1 ഓഡിറ്റ് ഇംപാക്ട് - ജീവനക്കാരിൽ നിന്നും കുറവായി ഈടാക്കിയ തൊഴിൽ നികുതി 2360/- രൂപ തിരിക ഒടുക്കി

ജീവനക്കാരുടെ തൊഴിൽ നികുതി പരിശോധിച്ചതിൽ പഞ്ചായത്തിലെ രണ്ടാം അർദ്ധ വർഷ നികുതി ടെക്നിക്കൽ അസിസ്റ്റന്റ്-ശ്രീമതി.മീര, പാലീയേറ്റീവ് നേഴ്സ്-ശ്രീമതി.ഷീജ.വി.റ്റി. എന്നിവർ പഞ്ചായത്തിൽ ഒടുക്കിയിരുന്നില്ല. ഓഡിറ്റ് എൻക്വയറി നം. 6/10.08.23 മുഖേന ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന് രസീത് നം. 11231100235, രസീത് നം. 1231100279 പ്രകാരം യഥാക്രമം 10/08/2023 ൽ 1310/-രൂപയും 17/08/2023 ൽ 1050/-രൂപയും പഞ്ചായത്തിലേക്ക് ഒടുക്കിയിട്ടുണ്ട്.

1-12 തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(Ii)എ(I) പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിൽ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിയ്ക്ക് വിധേയനാകും. പഞ്ചായത്തിന്റെ 2022-23ലെ തൊഴിൽ നികുതി രജിസ്റ്റർ, വരുമാന പത്രിക എന്നിവ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപന ഉടമകൾ, ജീവനക്കാർ ഇവരിൽ നിന്നും, തൊഴിൽ നികുതി പൂർണ്ണമായും ഡിമാൻഡ് ചെയ്തീടാക്കിയിട്ടില്ല.

സ്ഥാപനം	അർദ്ധവർഷം
ടെക്നോ എക്സ്പോർട്സ്	1
പുതിയകാവ് ക്ഷീരോൽപാദക സഹകരണ സംഘം ക്ലിപ്തം നം-A 255(ഡി)Apcos	1&2
പാറയിൽ ക്ഷീരോൽപാദക സഹകരണ സംഘം ക്ലിപ്തം നം-A 267(ഡി)Apcos	1&2

വെട്ടയ്ക്കൽ ക്ഷീരോൽപാദക സഹകരണ സംഘം ക്ലിപ്തം നം-A 98(ഡി)Apcos	1 &2
പട്ടണക്കാട് ക്ഷീരോൽപാദക സഹകരണ സംഘം	1&2
കരാറുകാർ	1&2
റേഷൻ കടകൾ	1&2
പാലിയേറ്റീവ് നേഴ്സ്	2

1-13 സ്ഥാപന തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയിട്ടില്ല

1996 ലെ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ പ്രവർത്തിക്കുന്ന ബാങ്കിംഗ് സ്ഥാപനങ്ങൾ/കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ/സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങൾ, മറ്റ് സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് 1250/- രൂപ അർദ്ധവാർഷിക നിരക്കിൽ സ്ഥാപന തൊഴിൽ നികുതി ഇടാക്കേണ്ടതാണ്.
2022-23 ലെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ, പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

സ്ഥാപനം	അർദ്ധവർഷം
കെ എസ് ഇ ബി	2
വെട്ടയ്ക്കൽ കാർഷിക സഹകരണ ബാങ്ക് ക്ലിപ്തം-4292	I &2
വെട്ടയ്ക്കൽ സർവ്വീസ് സഹകരണ ബാങ്ക്-1812	1&2
ടെക്നോ എക്സ്പോർട്സ്	I &2
സപ്ലൈകോ സൂപ്പർ മാർക്കറ്റ്, പൊന്നാംവെളി	1&2
സപ്ലൈകോ സൂപ്പർ മാർക്കറ്റ്, വെട്ടയ്ക്കൽ	1&2

എസ് ബി ഐ, പട്ടണക്കാട്	1&2

1-14 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2022-23 കാലയളവിൽ പഞ്ചായത്തിൽ വിവിധ കരാർ പ്രവൃത്തികൾ നടത്തിയ (എഞ്ചിനീയറിംഗ് വിഭാഗത്തിലെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം) ചുവടെ ചേർക്കുന്ന കരാറുകാരിൽ നിന്നും തൻവർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ക്രമ നം.	കരാറുകാരുടെ പേര്
1	സുനിൽ കുമാർ പി എസ്
2	മനോജ് കുമാർ കെ എസ്
3	അക്ഷയ് ലാൽ
4	ഭാർഗവൻ കെ
5	സോണി ജോസഫ്
6	ശ്രീഗോവിന്ദ്

7	ആന്റണി ജോൺ
8	സാബു ആർ

അപാകത പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻകൃയറി നം.(6/10.8.2023) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കി തനതു വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.

1-15 ലൈസൻസ് എടുക്കാതെ പഞ്ചായത്തിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1994 ലെ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) നിയമം വകുപ്പ് 232, 232(1) എന്നിവ പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും ലൈസൻസിലെ നിബന്ധനകൾക്ക് അനുസൃതമല്ലാതെയും പഞ്ചായത്ത് പരിധിയിൽ ഈയിനത്തിലെ ചട്ടം 3 പട്ടിക 1 പ്രകാരമുള്ള ആവശ്യങ്ങൾക്ക് യാതൊരുസ്ഥലവും ഉപയോഗിക്കാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ലൈസൻസ് രജിസ്റ്റർ, അപേക്ഷ എന്നിവ പരിശോധിച്ചതിൽ 2022-23 വർഷം ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ പഞ്ചായത്തിൽ ലൈസൻസ് എടുത്തതായി കാണുന്നില്ല.

1. സപ്ലൈകോ സൂപ്പർ മാർക്കറ്റ്, പൊന്നാംവെളി
2. സപ്ലൈകോ സൂപ്പർ മാർക്കറ്റ്, വെട്ടയ്ക്കൽ
3. പുതിയകാവ് ക്ഷീരോൽപാദക സഹകരണ സംഘം ക്ലിപ്തം നം-A 255(ഡി)Apcos
4. പാറയിൽ ക്ഷീരോൽപാദക സഹകരണ സംഘം ക്ലിപ്തം നം-A 267(ഡി)Apcos

5. വെട്ടയ്ക്കൽ ക്ഷീരോൽപാദക സഹകരണ സംഘം ക്ലിപ്തം നം-A 98(ഡി)Apcos

6. പട്ടണക്കാട് ക്ഷീരോൽപാദക സഹകരണ സംഘം

7. മേനാശ്ശേരി ക്ഷീരോൽപാദക സഹകരണ സംഘം

8. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232, 233 എന്നിവ പ്രകാരം ലൈസൻസ് ക്കുടാതെ ഒരാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ലാത്തതാണ്. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

1-16 വാടകയിനത്തിൽ കുടിശിക

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ചുവടെ ചേർത്തിരിക്കുന്ന കടമുറികളുടെ 2022-23 വർഷത്തെ വാടകയിൽ കുടിശ്ശികയുള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	വാടകക്കാരന്റെ പേര്/കെട്ടിട നം.	പ്രതിമാസ വാടക	കുടിശ്ശിക വിവരം
1	ഓമന മുംതാസ് വി.ആർ മണലങ്ങത്ത്, പട്ടണക്കാട് IV/389A	2000	11/2022-3/2023
2	ഓമന മുംതാസ് വി.ആർ മണലങ്ങത്ത്, പട്ടണക്കാട് IV/389B	2000	11/2022-3/2023
3	പ്രതീഷ്, കടക്കരപ്പള്ളി	6900	1/2023-3/20

വാടക കുടിശ്ശിക ഈടാക്കുന്നതിനായി സ്വീകരിച്ച തുടർനടപടികൾ ലഭ്യമാക്കാൻ ആരാഞ്ഞു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.3 തീയതി.10.08.23) ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടകളിൽ കുടിശ്ശിക വരുത്തിയ മേൽ പറഞ്ഞ വ്യക്തികൾക്ക് നിരവധി തവണ നോട്ടീസ് നൽകിയിരിരുന്നതായും, 31.01.2023ൽ റവന്യു റിക്കവറി നടപടി സ്വീകരിച്ചതായും അറിയിച്ചിട്ടുണ്ട്. കുടിശിക മുഴുവൻ പിരിച്ചെടുത്ത് തനതു ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിവരം ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ അടിയന്തിര ശ്രദ്ധയിൽപ്പെടുത്തുന്നു.

1-17 ഒരേ പരസ്യത്തിന് രണ്ടു പ്രാവശ്യം തുക അനുവദിച്ചു നഷ്ടം 10080/-

പദ്ധതി ആസൂത്രണവും നിർവ്വഹണവും മോണിട്ടറിംഗും

പ്രോജക്ട് നം - S0110/23

നിർവ്വഹണം - സെക്രട്ടറി

കേരള കൗമുദി പത്രത്തിൽ താഴെപ്പറയുന്ന ദിവസങ്ങളിൽ പരസ്യം നൽകിയതിന് രണ്ടു പ്രാവശ്യം തുക അനുവദിച്ചിട്ടുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു.

പരസ്യ ബിൽ നം	വിൻഡോ പരസ്യം നം.	അനുവദിച്ച തുക	ചെലവു വിവരം
BLALP/77436/23-11-22	180907/2022	5040	196/15-12-2022 രൂപ 10080
BPALP/77166/28-10-22	178991/2022	5040	
		10080	

196/15.12.22 ബിൽ പ്രകാരം മേൽ തുക നൽകിയതിനു പുറമേ 23-11-22 തീയതിയിലെ ബിൽ പ്രകാരമുള്ള തുക 15% ഡിസ്കൗണ്ട് കിഴിച്ച് 355/02-03-23 നമ്പർ ബിൽ പ്രകാരവും 28-10-22

തീയതിയിലെ ബിൽ പ്രകാരമുള്ള തുക 15% ഡിസ്കൗണ്ട് കിഴിച്ച് 308/14-02-23 നമ്പർ ബിൽ പ്രകാരവും അനുവദിച്ചിട്ടുള്ളതാണ്. അതിനാൽ ഒരേ പരസ്യത്തിന് രണ്ടു പ്രാവശ്യം തുക അനുവദിച്ചത് അധികം നൽകാനിടയാക്കി. അധികം നൽകിയ 10080/- രൂപ കേരള കൗമുദി പ്രൈവറ്റ് ലിമിറ്റഡിൽ നിന്നും ഈടാക്കേണ്ടതാണ്.

ബി) 49/23-08-22 നമ്പർ ബിൽ പ്രകാരം 2021-22 വർഷം പത്രപരസ്യം നൽകിയതിന് കേരള കൗമുദി പ്രൈവറ്റ് ലിമിറ്റഡിന് 32306/- രൂപ നൽകിയിട്ടുണ്ട്.

ബിൽ നമ്പർ	തുക
74874/24-03-22	4813
74818/19-03-22	4813
74082/19-01-22	5670
74470/10-03-22	5670
74475/05-03-22	5670
75185/24-02-22	5670

	32306

ഗ്രാമപഞ്ചായത്ത് നേരിട്ട് പരസ്യം നൽകിയാലും 15% ഡിസ്കൗണ്ടിന് അർഹതയുണ്ട്. എന്നാൽ അർഹമായ ഡിസ്കൗണ്ട് ലഭ്യമായില്ല. അതിനാൽ ആകെ ചെലവിന്റെ 15% തുകയായ 4846/- രൂപ അധികം നൽകാനിടയായി. ടി തുക കേരള കൗമുദി പ്രൈവറ്റ് ലിമിറ്റഡിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിശ്ചയിക്കുന്നതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 16/14-08-23 ന് മറുപടി നൽകിയിട്ടില്ല.

അധികം നൽകാനിടയായ 14926/-(10080 + 4846) രൂപ കേരള കൗമുദി പ്രൈവറ്റ് ലിമിറ്റഡിൽ നിന്നും ഈടാക്കേണ്ടതാണ്.

1-18 ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ ഈടാക്കണം

2022-23 ൽ ഫെസ്റ്റിവൽ അഡ്വാൻസ് ആയി ജീവനക്കാർക്ക് 1,00,000/- രൂപ (ചെക്ക് നം. 7039537/06.09.22, വൌച്ചർ നം. 22200377/06.09.22) നൽകിയതിൽ 8,000/- രൂപ തിരികെ അടച്ചിട്ടില്ല. ജീവനക്കാരായ റോയ് ജേക്കബ്, സന്തോഷ് കുമാർ എന്നിവർ 4000/- രൂപ വീതം തിരികെ അടയ്ക്കുവാനുണ്ട്. അപാകതക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 5/10.8.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ടി ജീവനക്കാരിൽ നിന്ന് തുക ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-19 വിൻഡോ മാതൃകയിലുള്ള പത്രപരസ്യങ്ങൾ നിർദ്ദിഷ്ട വലിപ്പത്തിൽ കൂടുതൽ നൽകിയത് അധിക ചെലവിനിടയാക്കുന്നു

(സ.ഉ(ആ)/01/04/ഐ.ആൻഡ്.പി.ആർ തീയതി.01-01-04) ഉത്തരവിലൂടെ വിൻഡോ മാതൃകയിൽ നൽകുന്ന പരസ്യങ്ങൾ (8cmx3cm)=24cm^2 വലിപ്പത്തിൽ ആയിരിക്കണം എന്നും പൂർണ്ണമായ പരസ്യങ്ങൾ വെബ്സൈറ്റിൽ മാത്രം പ്രസിദ്ധീകരിച്ചാൽ മതിയെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് താഴെപ്പറയുന്ന ദിനപത്രത്തിൽ നൽകിയ പരസ്യം "വിൻഡോ" രൂപത്തിൽ ആണെങ്കിലും നിർദ്ദിഷ്ട വലുപ്പത്തിൽ കൂടുതലുള്ളവയായിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. വിശദീകരണംനൽകേണ്ടതാണ്.

ദിനപ്പത്രം	പരസ്യം നൽകിയ തീയതി	പരസ്യത്തിന്റെ വലിപ്പം (സെ.മീ സ്ക്വയറിൽ)	അനുവദിച്ച തുക	3x8cm^2 വലിപ്പത്തിൽ വിൻഡോ പരസ്യത്തിന് അനുവദിക്കാവുന്ന തുക	അധികം നൽകിയ തുക
വീക്ഷണം	27.7.22	8x6	4080(After Discount) 100@/Cm^2 +Gst	2400@100/Cm^2 +Gst	1680
“	“	8x6	3400(After Discount) 100@/Cm^2 +Gst	2400@100/Cm^2 +Gst	1000
“	“	8x6	3400(After Discount)	2400@100/Cm^2 +Gst	1000

			@100/Cm^2 +Gst		
“	“	8x6	3400(After Discount) @100/Cm^2 +Gst	2400@100/Cm^2 +Gst	1000
“	“	8x6	3400 (After Discount) 100@/Cm^2 +Gst	2400@100/Cm^2 +Gst	1000
“	“	8x6	3400(After Discount) 100@/Cm^2 +Gst	2400@100/Cm^2 +Gst	1000

പത്ര പരസ്യം നൽകിയപ്പോൾ പ്രസ്തുത നിർദ്ദേശം പാലിക്കപ്പെട്ടില്ല എന്നത് കാരണം പരസ്യം പ്രസിദ്ധീകരിച്ച ഇനത്തിൽ അധികച്ചെലവിനിടയായിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. പത്രപരസ്യം സർക്കാർ നിർദ്ദേശിച്ച വലുപ്പത്തിൽ മാത്രം നൽകാൻ ശ്രദ്ധിക്കേണ്ടതാണ്. ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

(ചെലവ് – വൌച്ചർ നം. 22200257 തീയതി 27.07.2022 - 22134 രൂപ)

1-20 ബാരൽ വില കുറവ് ചെയ്തില്ല- നഷ്ടം സംബന്ധിച്ച്

2022-23 സാമ്പത്തിക വർഷം പട്ടണക്കാട് ഗ്രാമ പഞ്ചായത്തിൽ പൂർത്തീകരിച്ച താഴെപ്പറയുന്ന മരാമത്ത് വേലകളുടെ ബില്ലിൽ നിന്നും ബാരൽ വില കുറവ് ചെയ്തതായി കാണുന്നില്ല. എസ്റ്റിമേറ്റിൽ ടാർ ഉപയോഗിച്ച ഇനങ്ങൾക്ക് പാക്ക്ഡ് ബിറ്റുമെൻ നിരക്കാണ് നല്കിയിരിക്കുന്നത്. കൂടാതെ കോൺട്രാക്ടർ ഹാജരാക്കിയ ടാർബില്ലും ഇത് ശരിവെക്കുന്നു. 2012-ലെ ഷെഡ്യൂൾ ഓഫ് റേറ്റ് സെക്ഷൻ.II റേറ്റ് ഓഫ് മെറ്റീരിയൽ ക്രമ നം. 600 പ്രകാരം Empty Steel Drum Of 450mm Dia 1.2m High-ന്റെ വില 238/- രൂപയാണെന്ന് കാണുന്നു. പ്രവർത്തിക്ക് പാക്ക്ഡ് ബിറ്റുമെൻ നിരക്ക് നല്കിയതിനാൽ ഉപയോഗിച്ച ടാറിന്റെ ബാരൽ വിലയിനത്തിൽ ബാരലൊന്നിന് 238/-രൂപയും 18% ജി.എസ്.ടിയും ഉൾപ്പെടെ ആകെ 281/-രൂപ ഈടാക്കേണ്ടതായിരുന്നു.

ക്രമ നം.	പ്രവർത്തിയുടെ പേര്	കോൺട്രാക്ടറുടെ പേര്	ഈടാക്കേണ്ടിയിരുന്ന തുക	ചെലവ് ട്രഷറി ബിൽ നം. / തീയതി/ തുക
1	153/2023 വള്ളോൻതറ പെരിങ്ങട്ട് റോഡ് മെറ്റലിംഗും ടാറിംഗും	ശ്രീ.സുനിൽകുമാർ.പി.എസ്	3091 (11ബാരൽx281)	300000/-രൂപ (റെഫറൻസ് നം. 65647597 തീയതി.20.02.2023) തുക പൂർണമായും നല്കിയിട്ടില്ല.
2	159/2023 വെട്ടക്കൽ മണിയംപൊഴി	അക്ഷയ് ലാൽ.എം	2810 (10ബാരൽx281)	600000/- രൂപ(നം.XVFC/2022-

	റോഡ് ടാറിംഗ് വാർഡ്-13			2023/P/18, തീയതി. 20-03-2023) തുക പൂർണമായും നല്കിയിട്ടില്ല.
3	154/2023 വെട്ടക്കൽ ഇല്ലിക്കൽ റോഡ് പുനരുദ്ധാരണം	ശ്രീ.സുനിൽകുമാർ.പി.എസ്	2248 (8ബാരൽx281)	300000/-രൂപ (റെഫറൻസ് നം. 65647679 തീയതി.20.02.2023) തുക പൂർണമായും നല്കിയിട്ടില്ല.
4	151/2023 ഉദീഷ് ടാക്സി ഹൌസ് വെളിയങ്ങാട്ട് റോഡ് പുനരുദ്ധാരണം	ശ്രീ.സുനിൽകുമാർ.പി.എസ്	4496 (16 ബാരൽx281)	635942/-രൂപ (റെഫറൻസ് നം. 22060552011101198367 തീയതി.16.02.2023) തുക പൂർണമായും നല്കിയിട്ടില്ല.
	ആകെ		8149/-രൂപ	

മേൽ പ്രവർത്തികൾ പൂർത്തീകരിച്ച് ഫൈനൽ ബിൽ തയ്യാറാക്കിയിട്ടുണ്ടെങ്കിലും തുക പൂർണമായും നല്കിയതായി കാണുന്നില്ല. അവശേഷിക്കുന്ന തുക നല്കുമ്പോൾ ബാരൽ വില കുറവ് ചെയ്ത് അതത് ഫണ്ടിലേയ്ക്ക് തിരികെ ഒടുക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.24 തീയതി. 14.08.2023) മറുപടി ലഭ്യമാക്കിയില്ല.

1-21 എസ്കവേഷനിലൂടെ ലഭിച്ച മണ്ണ് ലേലം ചെയ്തില്ല

പ്രോജക്ട് നം.6/2023

പ്രോജക്ടിന്റെ പേര്- കനകമംഗലം റോഡിൽ കാണ നിർമാണം

അടങ്കൽ-ധനകാര്യ കമ്മീഷൻ ഗ്രാന്റ്-2909500/-രൂപ

തനത് ഫണ്ട് - 800000/-രൂപ

ആകെ - 3709500/-രൂപ

ചെലവ്- 2838447/-രൂപ

(1. നം. 66129334 തീ. 31-01-2023) 2493216/രൂപ

2. നം. XVFC/2022-2023/23/P/23 തീ. 30-03-2023 345231/രൂപ)

നിർവഹണം- അസിസ്റ്റന്റ് എഞ്ചിനീയർ

കരാറുകാരൻ- ശ്രീ.സുനിൽകുമാർ.പി.എസ്

പട്ടണക്കാട് ഗ്രാമ പഞ്ചായത്തിലെ കനകമംഗലം റോഡിലെ ഓട നിർമാണം എന്ന പ്രവർത്തിയുടെ ഭാഗമായി നടത്തിയ എർത്ത് വർക്ക് എസ്കവേഷനിലൂടെ 269.376എം^{3} മണ്ണ് ലഭിച്ചിരുന്നു. ഇതിൽ സൈഡ് ഫില്ലിംഗിനും മറ്റുമായി വിനിയോഗിച്ചതിനു ശേഷം 126എം^{3} മണ്ണ് അവശേഷിക്കുന്നതായും ആയത് സൈറ്റിൽ സംരക്ഷിച്ചിട്ടുള്ളതായും ഫയലിൽ കാണുന്നു. പട്ടണക്കാട് എൽ.എസ്.ജി.ഡി സബ്ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി നല്കിയിട്ടുള്ള സർവേ റിപ്പോർട്ട് പ്രകാരം (നം.10/2023-24 തീയതി.02.08.2023) 113400/-രൂപ ഈ മണ്ണിന് വില നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത മണ്ണ് നിയമാനുസരണം ലേലം ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക്

മുതൽക്കൂട്ടാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻകൃയറിയ്ക്ക് (നം.24 തീയതി.14.08.2023) മറുപടി ലഭ്യമാക്കിയില്ല.

1-22 ഫൈൻ ഈടാക്കിയില്ല പഞ്ചായത്ത് ഫണ്ടിന് 892/-രൂപയുടെ നഷ്ടം

പ്രോജക്ട് നം.	:	44
പ്രോജക്ടിന്റെ പേര്	:	വെട്ടയ്ക്കൽ പി.എച്ച്.സി. സബ് സെന്റർ മെയിന്റനൻസ്
നിർവ്വഹണം	:	അസിസ്റ്റന്റ് എഞ്ചിനീയർ
കോൺട്രാക്ടറുടെ പേര്	:	ശ്രീമതി.പ്രവീണ രതീഷ്
എഗ്രീഡ് പി.എ.സി	:	89200/- രൂപ
ചെലവ്		100000/- രൂപ, (1. ബിൽ റെഫറൻസ് നം.22060552011101428926 തീയതി.22.03.2023) മെയിനൻസ് ഗ്രാന്റ്- റോഡിതരം
എം.ബുക്ക് നം	:	52/PKD/21-22
എഗ്രിമെന്റ് നം.	:	30/AE/LSGD PKDGP 2021-22 തീയതി.11.02.2022

2012 ലെ പി.ഡബ്ല്യൂ.ഡി മാന്വൽ അനുസരിച്ച് കരാറുകാരന്റെ ഭാഗത്തുള്ള വീഴ്ച മൂലം മരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കാനാവാതെ വരികയാണെങ്കിൽ സെക്ഷൻ 2112 പ്രകാരം ആദ്യതവണ PAC യുടെ 1% എന്ന നിരക്കിലും രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും പിഴ ഈടാക്കേണ്ടതാണെന്ന് പറഞ്ഞിരിക്കുന്നു. തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പിന്റെ 18.08.2018-ലെ എ.സി-2/223/2015/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം ആദ്യത്തെ 3 മാസം കരാർ തുകയുടെ 1% പിഴ ചുമത്താവുന്നതും പിന്നീട് വരുന്ന ഓരോ മൂന്ന് മാസത്തിനും കരാർ തുകയുടെ 2% പിഴ ചുമത്താവുന്നതും ആണെന്ന് പറഞ്ഞിരിക്കുന്നു.

മേൽ പ്രവൃത്തി നിർവഹണത്തിനായി കരാറുകാരന് 11.02.2022-ൽ സൈറ്റ് ഹാന്റ് ഓവർ ചെയ്തിട്ടുണ്ട്. ആറ് മാസമാണ് മേൽ പ്രവൃത്തിയുടെ പൂർത്തീകരണത്തിനായി അനുവദിച്ചിരുന്നത്. നിർമാണ സ്ഥലത്തെ മരം മുറിച്ചു മാറ്റുന്നതിന് കാലതാമസം നേരിട്ടതിനാൽ പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 2023 ജനുവരി 31 വരെ നീട്ടി നല്കി കൊണ്ട് പഞ്ചായത്തിന്റെ 07.03.2023-ലെ യോഗത്തിൽ 1(3) നമ്പറായി തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തി ദീർഘിപ്പിച്ച് നല്കിയ കാലാവധിയിലും പൂർത്തീകരിച്ചതായി കാണുന്നില്ല. എം ബുക്ക് പേജ് നമ്പർ 10-ലെ രേഖപ്പെടുത്തൽ പ്രകാരം 06.02.2023-ൽ മാത്രമാണ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്. ഈ പ്രവൃത്തിയുടെ ഫൈനൽ ബിൽ നല്കിയപ്പോൾ പൂർത്തീകരണത്തിന് കാലതാമസം വരുത്തിയതിനുള്ള പിഴ (1%) ഈടാക്കിയതായി കാണുന്നില്ല. ഫൈൻ ഈടാക്കാതിരുന്നത് മൂലം പഞ്ചായത്ത് ഫണ്ടിന് 892/- രൂപയുടെ (89200x1%) നഷ്ടം ഉണ്ടായിട്ടുണ്ട്. നഷ്ട തുക ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

1-23 റയിൽ കുന്നറ റോഡ് ടാറിംഗ് വാർഡ്-2- പ്രവർത്തി പൂർത്തീകരിച്ചില്ല

പ്രോജക്ട് നം.	:	36
പ്രോജക്ടിന്റെ പേര്	:	2021-22 പട്ടണക്കാട് ഗ്രാമ പഞ്ചായത്ത് പാറയിൽ കുന്നറ റോഡ് ടാറിംഗ് വാർഡ്-2
നിർവ്വഹണം	:	അസിസ്റ്റന്റ് എഞ്ചിനീയർ
കോൺട്രാക്ടറുടെ പേര്	:	ശ്രീ.സുനിൽകുമാർ.പി.എസ്
ചെലവ്		641931/- രൂപ (വികസന ഫണ്ട്- പൊതു വിഭാഗം) (1.ബിൽ റെഫറൻസ് നം.21060552011101129062 തീയതി.15.02.2022- 431898/-രൂപ

		2.ബിൽ റെഫറൻസ് നം.21060552011101515443 തീയതി.30.03.2022- 91239/-രൂപ 3.ബിൽ റെഫറൻസ് നം.22060552011101280414 തീയതി.03.03.2023- 118794/-രൂപ) (രണ്ടാം പാർട്ട് ബിൽ)
എം.ബുക്ക് നം	:	5/PKD/21-22
എഗ്രിമെന്റ് നം.	:	2/AE/LSGD PKDGP 2021-22 തീയതി.29.10.2021

2021 ഒക്ടോബർ മാസം ആരംഭിച്ച മേൽ പ്രവൃത്തി നാളിതുവരെയായും പൂർത്തീകരിച്ച് ഫൈനൽ ബിൽ നല്കിയതായി കാണുന്നില്ല. എം ബുക്കിലെ രേഖപ്പെടുത്തൽ പ്രകാരം (എം ബുക്ക് നം.5/PKD/21-22 പേജ്-13) 24.03.2022-ൽ ആണ് അവസാനമായി പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയിരിക്കുന്നത്. പ്രവൃത്തി പൂർത്തീകരിക്കാത്തതിന്റെ കാരണം അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.24 തീയതി.14.08.2023) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തി പൂർത്തീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-24 കരാറുകാർ -ഇൻഷുറൻസ് എടുക്കുന്നില്ല

2022-23 സാമ്പത്തിക വർഷത്തിൽ പൊതുമരാമത്ത് പ്രവർത്തികളിൽ ഓരോ പ്രവർത്തിക്കും (കോൺട്രാക്ട് തുകയുടെ 0.5%, മിനിമം 2,00,000/-മാക്സിമം 5,00,000/-) ഇൻഷ്വറൻസ് കവറേജ് ആയി പ്രവർത്തി തുടങ്ങി 15 ദിവസത്തിനകം കരാറുകാരൻ സമർപ്പിക്കേണ്ടതാണെന്ന് ലെറ്റർ ഓഫ് അക്സെപ്റ്റൻസിലും, എഗ്രിമെന്റിലും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം ഇൻഷുറൻസ് എടുത്ത് ആയതിന്റെ രേഖകൾ ഹാജരാക്കാത്തവരിൽ നിന്നും കരാർ തുകയുടെ 0.2% ഫൈൻ ഇനത്തിൽ ബില്ലിൽ നിന്നും കുറവ് ചെയ്യുന്നതാണെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. പഞ്ചായത്തിലെ ഒട്ടുമിക്ക പ്രവർത്തികളുടെ കരാറുകാരും ഇപ്രകാരം നിശ്ചിത തുകയ്ക്കുള്ള ഇൻഷുറൻസ് എടുത്ത് ആയതിന്റെ രേഖകൾ പഞ്ചായത്തിൽ ഹാജരാക്കിയതായി കാണുന്നില്ല. ഇൻഷ്വറൻസ് രേഖകൾ ഹാജരാക്കാത്ത

കരാറുകാരിൽ നിന്നും നിശ്ചിത നിരക്കിൽ ഫൈൻ ഈടാക്കിയിട്ടുണ്ട്. ഫൈൻ തുക വളരെ കുറവായതിനാൽ കരാറുകാർ ഇൻഷ്വറൻസ് എടുക്കുന്നതിന് പകരമായി ഫൈൻ ഒടുക്കി വരുന്നതായാണ് കാണുന്നത്. തൊഴിലാളികൾക്കുണ്ടാകുന്ന അപകടങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിനായാണ് ഈ വ്യവസ്ഥ കരാറിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ആയതിനാൽ കരാറുകാർക്കാവശ്യമായ ഉപദേശം നല്കി മതിയായ തുകയ്ക്കുള്ള ഇൻഷ്വറൻസ് എടുപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

1-25 കാലിത്തീറ്റ വിതരണം -അധിക തുക സബ്സിഡി നൽകി

ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണം നടത്തിയ 'ക്ഷീരകർഷകർക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ ലഭ്യമാക്കൽ(S0116/23)' എന്ന പദ്ധതി പ്രകാരം വികസനഫണ്ടിൽ(പൊതുവിഭാഗം) നിന്ന് 420700/- രൂപ ചെലവഴിച്ച് പഞ്ചായത്തിലെ വിവിധ ക്ഷീരസംഘങ്ങളിൽ ഉൾപ്പെട്ട ക്ഷീരകർഷകർക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം നടത്തിയിട്ടുണ്ട്. എന്നാൽ രേഖകൾ പരിശോധിച്ചതിൽ, കാലിത്തീറ്റയ്ക്ക് നൽകിയ യഥാർത്ഥ വിലയുടെ 50% തുക സബ്സിഡി നൽകേണ്ടതിന് പകരം MRP യുടെ 50% തുക സബ്സിഡി നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. അധിക തുക സബ്സിഡി നൽകിയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിനുള്ള (നം. 9/11.8.2023) മറുപടിയിൽ മുൻവർഷം MRP യ്ക്ക് ആനുപാതികമായി സബ്സിഡി നൽകിയിരുന്നതിനാലാണ് ഇപ്രകാരം നൽകിയതെന്നും ഇനി മുതൽ യഥാർത്ഥവിലയ്ക്ക് ആനുപാതികമായി മാത്രം സബ്സിഡി നൽകുന്നതാണെന്നും അറിയിച്ചു. വരും വർഷങ്ങളിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ യഥാർത്ഥചെലവിന് അനുസരിച്ച് മാത്രം സബ്സിഡി നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. വിശദാംശങ്ങൾ ഖണ്ഡിക 3-4 ൽ ചേർത്തിട്ടുണ്ട്.

1-26 വയോജനങ്ങൾക്ക് കട്ടിൽ വിതരണം-സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല

പ്രോജക്ടിന്റെ പേര് : വയോജനങ്ങൾക്ക് കട്ടിൽ (S0123/23)

അടങ്കൽ: 413250/-(വികസനഫണ്ട്-ജനറൽ)

ചെലവ്: 372513/- (ബിൽ റഫറൻസ് നം. 11801519757/28.3.23, 372513/-)

സബ്സിഡി മാർഗ്ഗരേഖ (സ.ഉ(എംഎസ്)നം. 115/2022/തസ്വഭവ, തീയതി.28.5.2022) പ്രകാരം നിരാലംബരായ 60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്കും 60 വയസ്സിൽ താഴെയുള്ള ശയ്യാവലംബരായ നിർദ്ധന രോഗികൾക്കും യൂണിറ്റ് ചെലവ് പരമാവധി 4350/- രൂപയിൽ അധികരിക്കാതെ കട്ടിൽ വാങ്ങി നൽകാവുന്നതാണ്. എന്നാൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ ടി പദ്ധതിയിൽ മുൻവർഷങ്ങളിലെ പോലെ നിശ്ചിത വരുമാനപരിധിയിൽ താഴെയുള്ള 60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് 90 കട്ടിലുകൾ വാങ്ങി വിതരണം നടത്തുകയാണ് ചെയ്തിട്ടുള്ളത്. ഗുണഭോക്താക്കൾ നിരാലംബരാണെന്നോ, ശയ്യാവലംബരാണെന്നോ തെളിയിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (13/11.08.2023) മറുപടിയിൽ പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച നൽകിയ ഗുണഭോക്തൃലിസ്റ്റിലുൾപ്പെട്ട 60വയസ് കഴിഞ്ഞ ബിപിഎൽ വിഭാഗത്തിൽപ്പെട്ട വയോജനങ്ങൾക്കാണ് കട്ടിൽ നല്കിയതെന്നും തുടർ വർഷങ്ങളിൽ പ്രോജക്ട് നടപ്പിലാക്കുമ്പോൾ മാർഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ആനുകൂല്യം നല്കുമ്പോൾ സബ്സിഡി മാർഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ള അർഹതാ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് അർഹരായവരെ കണ്ടെത്തി ആനുകൂല്യം നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-27 മിനി മാസ്റ്റ് ലൈറ്റ് റിപ്പയറിംഗ്

സെക്രട്ടറി നിർവ്വണം ചെയ്ത സ്പിൽ ഓവർ പ്രോജക്ട് ആയ മിനി മാസ്റ്റ് ലൈറ്റ് റിപ്പയറിംഗ് (S0063/23) പ്രവൃത്തിക്ക് കരാർ വെച്ചിരിക്കുന്നത് ശ്രീ. അജിത് പ്രസാദ് ആണ്. മേൽ പ്രോജക്ടിൽപ്പെടുത്തി 19 സ്ഥലങ്ങളിൽ 70W LED Flood Light 35 എണ്ണവും 100W LED Flood Light 3 എണ്ണവും റിപ്പയർ/

സ്ഥാപിച്ചതായി രേഖപ്പെടുത്തി യഥാക്രമം ഒരെണ്ണത്തിന് 8588.80/-രൂപയും 10483.80/-രൂപയും നിരക്കിൽ തുക അനുവദിച്ചിട്ടുണ്ട്. (ബിൽ നം.40/16-08-22). 01-07-22ലാണ് പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയിരിക്കുന്നത്.

തൻവർഷത്തെ മിനി മാസ്റ്റ് ലൈറ്റ് റിപ്പയറിംഗ് (S0106/23) എന്ന പ്രോജക്ടിന്റെ കരാറുകാരൻ ശ്രീ. ഷാബുമോൻ ആണ്. മേൽ പ്രോജക്ടിൽപ്പെടുത്തി 19 വാർഡുകളിൽ 19 സ്ഥലങ്ങളിൽ മിനി മാസ്റ്റ് ലൈറ്റ് റിപ്പയറിംഗ് ചെയ്തതിന് 100W LED Flood Light 31 എണ്ണം സ്ഥാപിച്ച് പ്രവർത്തന ക്ഷമമാക്കിയതിന് ഒരെണ്ണത്തിന് 8000/-രൂപ നിരക്കിൽ തുക അനുവദിച്ചിട്ടുണ്ട്. (ബിൽ നം. 508/31-03-23). മേൽ പ്രവൃത്തി 18-03-23 ൽ ആരംഭിച്ച് 26-03-23 ൽ പൂർത്തിയാക്കിയതായാണ് ബില്ലിൽ കാണിച്ചിരിക്കുന്നത്.

ഒരേ സാമ്പത്തിക വർഷം നടപ്പിലാക്കിയ മേൽപ്പറഞ്ഞ രണ്ട് പ്രവൃത്തികളുടെയും ഫയലുകൾ പരിശോധിച്ചതിൽ 7/2022 ൽ റിപ്പയർ ചെയ്ത താഴെപ്പറയുന്ന സ്ഥലങ്ങളിലെ മിനി മാസ്റ്റ് ലൈറ്റ് 3/2023 ലും റിപ്പയർ ചെയ്തതായി രേഖപ്പെടുത്തി തുക അനുവദിച്ചു.

1. വെട്ടക്കൽ ജംഗ്ഷൻ -2 ലൈറ്റ്

2. കോനാട്ടുശ്ശേരി സ്കൂൾ - 2 ലൈറ്റ്

3. സുധീരൻ പാലം - 2 ലൈറ്റ്

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 15/14-08-23 ന് മറുപടി നൽകിയിട്ടില്ല. അതിനാൽ 6 മിനി മാസ്റ്റ് ലൈറ്റുകൾക്കായി ചെലവഴിച്ച 48000/- (6@8000) രൂപ ചെലവഴിച്ചത് തടസ്സപ്പെടുത്തുന്നു.

1-28 സ്റ്റാക്ക് അളവിൽ നിന്നും വോയിഡ്സിനത്തിൽ 7.5% കുറവുചെയ്തില്ല. അധികം നൽകിയത് 4554/-രൂപ

നന്ദികാട് കോൺക്രീറ്റ് റോഡ് ഘട്ടം -1

അളവു പുസ്തകം 202/2021

മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാരൻ - ഭാർഗ്ഗവൻ

FTO തീയതി – 04.04.2022

എ) തൊഴിലുറപ്പു പദ്ധതിയിൽ ചെയ്ത നന്ദികാട് കോൺക്രീറ്റ് റോഡ് ഘട്ടം -1 എന്ന പ്രവൃത്തിക്ക് 40mm മെറ്റിൽ സപ്ലൈ ചെയ്തിരിക്കുന്നതായി കാണിച്ചിരിക്കുന്നത് 26.350 M^3 ആണ്. ഈ അളവിന് 2300/- രൂപ നിരക്കിൽ 60548/- രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. CPWD സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതിനാൽ സ്റ്റാക്ക് അളവിൽ നിന്നും വോയിഡ്സിനത്തിൽ 7.5% കുറവുചെയ്തതിനുശേഷമേ തുക അനുവദിക്കുവാൻ പാടുള്ളൂ. മേൽപ്പറഞ്ഞ അളവിൽ നിന്നും 7.5% കുറവു ചെയ്യാതിരുന്നതിനാൽ അധികം നൽകാനിടയായി. കുറവു ചെയ്യേണ്ടിയിരുന്ന അളവും തുകയും ചുവടെ കൊടുക്കുന്നു.

26.350 M^3 ന്റെ 7.5% = 1.98 M^3

1.98 M^3@2300 =4554/- ടി തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം അളവ് രേഖപ്പെടുത്തിയ അക്രഡിറ്റഡ് എഞ്ചിനീയറുടെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

ബി) ടി പ്രവർത്തിക്ക് മെറ്റീരിയൽ ഇനത്തിൽ 384446/- രൂപ നൽകിയിട്ടുണ്ട്. GST ഈടാക്കിയതിന്റെ രേഖകൾ ഫയലിൽ ഇല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറി നം. 17/14-08-23 ന് മറുപടി നൽകിയിട്ടില്ല. അതിനാൽ GST ഇനത്തിൽ (2%) 7689/- രൂപ ഈടാക്കി ബന്ധപ്പെട്ട ശീർഷകങ്ങളിൽ ഒടുക്കേണ്ടതാണ്.

1-29 തൊഴിലുറപ്പു പദ്ധതി - നഴ്സറി നിർമ്മാണം-തൊഴിൽ ദിനങ്ങൾ കൂടുതലായി അനുവദിക്കുന്നു

തൊഴിലുറപ്പു പദ്ധതിയിൽ ചെയ്ത നഴ്സറി നിർമ്മാണ പ്രവൃത്തിയിൽ പരിപാലനത്തിന് ആവശ്യമായതിലധികം തൊഴിൽ ദിനങ്ങൾ അനുവദിക്കുന്നതു വഴി അധികച്ചെലവിനിടയാക്കുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

എ)**തെങ്ങിൻ തൈ നഴ്സറി നിർമ്മാണം**

അളവു പുസ്തകം - 251/22-23

960 വിത്തു തേങ്ങകൾ വാങ്ങി പാകി മുളപ്പിച്ച് 250 ദിവസം പരിപാലിക്കുന്നതിനാണ് മേൽ പ്രോജക്ട്. ഇതിനായി 524 അവിദഗ്ധ തൊഴിൽ ദിനങ്ങൾ എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടുണ്ട്. 09-11-22 ൽ ആരംഭിച്ച പ്രവൃത്തി 02-02-23ൽ പൂർത്തീകരിച്ചു. 86 ദിവസങ്ങൾ കൊണ്ട് പൂർത്തിയാക്കിയ പ്രവൃത്തിയിലും മുഴുവൻ തൊഴിൽ ദിനങ്ങളും അനുവദിച്ചു. എസ്റ്റിമേറ്റ് പ്രകാരം 30 ദിവസം വെള്ളമൊഴിക്കുന്നതിന് തൊഴിൽദിനങ്ങൾ അനുവദിച്ചത് കൂടാതെയാണ് 250 ദിവസത്തെ പരിപാലനത്തിന് തൊഴിൽദിനങ്ങൾ അനുവദിച്ചിട്ടുള്ളത്. 30 ദിവസം വെള്ളമൊഴിക്കുന്നതിന് തൊഴിൽദിനങ്ങൾ അനുവദിച്ചിട്ടുള്ളപ്പോൾ ബാക്കി 56 ദിവസങ്ങളാണ് പരിപാലനത്തിന് ഉപയോഗിച്ചിട്ടുള്ളത്. അതിനാൽ 56 ദിവസത്തെ പരിപാലനത്തിന് അനുവദനീയമായ തൊഴിൽ ദിനങ്ങൾ ചുവടെ കൊടുക്കുന്നു.

960 X 56 = 53760 @0.603 =32417

32417/311 = 104 തൊഴിൽ ദിനങ്ങൾ

അധികം അനുവദിച്ചതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

ടി പ്രവൃത്തിക്ക് അനുവദിച്ച ആകെ തൊഴിൽദിനങ്ങൾ	520
(കുറയ്ക്കുക)പരിപാലനം ഒഴികെയുള്ള മറ്റിനങ്ങൾക്ക് അനുവദിച്ചത്	58

പരിപാലനത്തിന് അനുവദിച്ചത്	462
അർഹമായത്	104
അധികം	358
അധികം ചെലവഴിച്ചത്	358 @311 = 111338

ബി) **കാറ്റാടി നഴ്സറി നിർമ്മാണം വാർഡ് - 17**

അളവു പുസ്തകം - 105/22-23

3000 കാറ്റാടി തൈകൾ 240 ദിവസം പരിപാലിക്കുന്നതിനാണ് മേൽ പ്രോജക്ട്. ഇതിനായി 1439 അവിദഗ്ധ തെഴിൽ ദിനങ്ങൽ എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടുണ്ട്. 17-02-22 ൽ ആരംഭിച്ച പ്രവൃത്തി 05-07-22ൽ പൂർത്തീകരിച്ചു. 138 ദിവസങ്ങൾ കൊണ്ട് പൂർത്തിയാക്കിയ പ്രവൃത്തിയിലും മുഴുവൻ തൊഴിൽ ദിനങ്ങളും അനുവദിച്ചു. എസ്റ്റിമേറ്റ് പ്രകാരം 30 ദിവസം വെള്ളമൊഴിക്കുന്നതിന് തൊഴിൽ ദിനങ്ങൾ അനുവദിച്ചത് കൂടാതെയാണ് 240 ദിവസത്തെ പരിപാലനത്തിന് തൊഴിൽ ദിനങ്ങൾ അനുവദിച്ചിട്ടുള്ളത്. 30 ദിവസം വെള്ളമൊഴിക്കുന്നതിന് തൊഴിൽദിനങ്ങൾ അനുവദിച്ചിട്ടുള്ളപ്പോൾ ബാക്കി 108 (138-30) ദിവസങ്ങളാണ് പരിപാലനത്തിന് ഉപയോഗിച്ചിട്ടുള്ളത്. അതിനാൽ 108 ദിവസത്തെ പരിപാലനത്തിന് അനുവദനീയമായ തൊഴിൽ ദിനങ്ങൾ ചുവടെ കൊടുക്കുന്നു.

3000 X108 =324000 @ 0.565 = 183060

183060/291 = 629 തൊഴിൽദിനങ്ങൾ

അധികം അനുവദിച്ചതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

ടി പ്രവൃത്തിക്ക് അനുവദിച്ച ആകെ തൊഴിൽദിനങ്ങൾ	1426
(കുറയ്ക്കുക) പരിപാലനം ഒഴികെയുള്ള മറ്റിനങ്ങൾക്ക് അനുവദിച്ചത്	40
പരിപാലനത്തിന് അനുവദിച്ചത്	1386

അർഹമായത്	629
അധികം	757
അധികം ചെലവഴിച്ചത്	757@ 291 = 220287

സി) **ബാംബു നഴ്സറി നിർമ്മാണം വാർഡ് - 17**

അളവു പുസ്തകം - 360/21-22

3000 മുള തൈകൾ 240 ദിവസം പരിപാലിക്കുന്നതിനാണ് മേൽ പ്രോജക്ട്. ഇതിനായി 1463 അവിദഗ്ധ തെഴിൽ ദിനങ്ങൽ എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടുണ്ട്. 03-11-21 ൽ ആരംഭിച്ച പ്രവൃത്തി 29-12-2021ൽ പൂർത്തീകരിച്ചു. 57 ദിവസങ്ങൾ കൊണ്ട് പൂർത്തിയാക്കിയ പ്രവൃത്തിയിലും മുഴുവൻ തൊഴിൽ ദിനങ്ങളും അനുവദിച്ചു. എസ്റ്റിമേറ്റ് പ്രകാരം 30 ദിവസം വെള്ളമൊഴിക്കുന്നതിന് തൊഴിൽദിനങ്ങൾ അനുവദിച്ചത് കൂടാതെയാണ് 240 ദിവസത്തെ പരിപാലനത്തിന് തൊഴിൽദിനങ്ങൾ അനുവദിച്ചിട്ടുള്ളത്. 30 ദിവസം വെള്ളമൊഴിക്കുന്നതിന് തൊഴിൽദിനങ്ങൾ അനുവദിച്ചിട്ടുള്ളപ്പോൾ ബാക്കി 27(57-30) ദിവസങ്ങളാണ് പരിപാലനത്തിന് ഉപയോഗിച്ചിട്ടുള്ളത്. അതിനാൽ 27 ദിവസത്തെ പരിപാലനത്തിന് അനുവദനീയമായ തൊഴിൽദിനങ്ങൾ ചുവടെ കൊടുക്കുന്നു.

3000 X27 =81000 @ 0.565 = 45765

45765/291 = 157 തൊഴിൽ ദിനങ്ങൾ

അധികം അനുവദിച്ചതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

ടി പ്രവൃത്തിക്ക് അനുവദിച്ച ആകെ തൊഴിൽദിനങ്ങൾ	1377
(കുറയ്ക്കുക) പരിപാലനം ഒഴികെയുള്ള മറ്റിനങ്ങൾക്ക് അനുവദിച്ചത്	66
പരിപാലനത്തിന് അനുവദിച്ചത്	1311
അർഹമായത്	157

അധികം	1154
അധികം ചെലവഴിച്ചത്	1154@ 291 = 335814

ഡി)**ബാംബു നഴ്സറി നിർമ്മാണം വാർഡ് - 19**

അളവു പുസ്തകം - 620/21-22

3000 മുള തൈകൾ 240 ദിവസം പരിപാലിക്കുന്നതിനാണ് മേൽ പ്രോജക്ട്. ഇതിനായി 1463 അവിദഗ്ധ തെഴിൽ ദിനങ്ങൽ എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടുണ്ട്. 13-01-22ൽ ആരംഭിച്ച പ്രവൃത്തി 26-03-22ൽ പൂർത്തീകരിച്ചു. 73 ദിവസങ്ങൾ കൊണ്ട് പൂർത്തിയാക്കിയ പ്രവൃത്തിയിലും മുഴുവൻ തൊഴിൽ ദിനങ്ങളും അനുവദിച്ചു. എസ്റ്റിമേറ്റ് പ്രകാരം 30 ദിവസം വെള്ളമൊഴിക്കുന്നതിന് തൊഴിൽദിനങ്ങൾ അനുവദിച്ചത് കൂടാതെയാണ് 240 ദിവസത്തെ പരിപാലിനത്തിന് തൊഴിൽദിനങ്ങൾ അനുവദിച്ചിട്ടുള്ളത്. 30 ദിവസം വെള്ളമൊഴിക്കുന്നതിന് തൊഴിൽദിനങ്ങൾ അനുവദിച്ചിട്ടുള്ളപ്പോൾ ബാക്കി 43(73-30) ദിവസങ്ങളാണ് പരിപാലനത്തിന് ഉപയോഗിച്ചിട്ടുള്ളത്. അതിനാൽ 43 ദിവസത്തെ പരിപാലനത്തിന് അനുവദനീയമായ തൊഴിൽദിനങ്ങൾ ചുവടെ കൊടുക്കുന്നു.

3000 X43 =129000 @ 0.565 = 72885

72885/291 = 250 തൊഴിൽദിനങ്ങൾ

അധികം അനുവദിച്ചതിന്റെ വിവരം ചുവടെ കൊടുക്കുന്നു

ടി പ്രവൃത്തിക്ക് അനുവദിച്ച ആകെ തൊഴിൽദിനങ്ങൾ	1438
(കുറയ്ക്കുക) പരിപാലനം ഒഴികെയുള്ള മറ്റിനങ്ങൾക്ക് അനുവദിച്ചത്	66
പരിപാലനത്തിന് അനുവദിച്ചത്	1372
അർഹമായത്	250
അധികം	1122

അധികം ചെലവഴിച്ചത്	1122@ 291 = 326502

ഇ).**മുളനഴ്സറി നിർമ്മാണം വാർഡ് - 17**

അളവു പുസ്തകം - 327/22-23

1500 മുള തൈകൾ 250 ദിവസം പരിപാലിക്കുന്നതിനാണ് മേൽ പ്രോജക്ട്. ഇതിനായി 738 അവിദഗ്ധ തൊഴിൽ ദിനങ്ങൾ എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടുണ്ട്. 20-12-22ൽ ആരംഭിച്ച പ്രവൃത്തി 30-01-23ൽ പൂർത്തീകരിച്ചു. 41 ദിവസങ്ങൾ കൊണ്ട് പൂർത്തിയാക്കിയ പ്രവൃത്തിയിലും മുഴുവൻ തൊഴിൽ ദിനങ്ങളും അനുവദിച്ചു. എസ്റ്റിമേറ്റ് പ്രകാരം 30 ദിവസം വെള്ളമൊഴിക്കുന്നതിന് തൊഴിൽദിനങ്ങൾ അനുവദിച്ചത് കൂടാതെയാണ് 240 ദിവസത്തെ പരിപാലനത്തിന് തൊഴിൽദിനങ്ങൾ അനുവദിച്ചിട്ടുള്ളത്. 30 ദിവസം വെള്ളമൊഴിക്കുന്നതിന് തൊഴിൽദിനങ്ങൾ അനുവദിച്ചിട്ടുള്ളപ്പോൾ ബാക്കി 11(41-30) ദിവസങ്ങളാണ് പരിപാലനത്തിന് ഉപയോഗിച്ചിട്ടുള്ളത്. അതിനാൽ 11 ദിവസത്തെ പരിപാലനത്തിന് അനുവദനീയമായ തൊഴിൽദിനങ്ങൾ ചുവടെ കൊടുക്കുന്നു.

1500x 11 =16500 @ 0.603 = 9950

9950/311 = 32 തൊഴിൽ ദിനങ്ങൾ

അധികം അനുവദിച്ചതിന്റെ വിവരം ചുവടെ കൊടുക്കുന്നു

ടി പ്രവൃത്തിക്ക് അനുവദിച്ച ആകെ തൊഴിൽദിനങ്ങൾ	686
(കുറയ്ക്കുക) മറ്റിനങ്ങൾക്ക് അനുവദിച്ചത്	11
പരിപാലിനത്തിന് അനുവദിച്ചത്	675
അർഹമായത്	32
അധികം	643
അധികം ചെലവഴിച്ചത്	643@ 311 = 199973

മസ്റ്റർ റോൾ പ്രകാരമാണ് തുക അനുവദിച്ചിരിക്കുന്നതെങ്കിലും ആവശ്യത്തിലധികം തൊഴിൽദിനങ്ങൾ അനുവദിക്കാനിടയായത് അധികച്ചെലവിനിടയാക്കി. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 18/14-08-23 ന് മറുപടി നൽകിയിട്ടില്ല. ആവശ്യമായ തൊഴിൽദിനങ്ങൾ മാത്രം അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-30 ആവശ്യമായതിലും കൂടുതൽ വീതിയിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നത് അധികച്ചെലവിനിടയാക്കുന്നു

എ) പോത്തനാട് കുമ്പളത്ത് തോട് ആഴം കൂട്ടി വശങ്ങളിൽ തീറ്റപ്പുൽ വച്ചു പിടിപ്പിക്കൽ

അളവു പുസ്തകം 464/22-23

ടി പ്രവൃത്തിയിൽ 200മീറ്റർ നീളത്തിൽ ഉപരിതലം വൃത്തിയാക്കിയിട്ടുണ്ടെങ്കിലും 75 മീറ്റർ നീളത്തിലും 1.50 മീറ്റർ വീതിയിലുമാണ് തോട്ടിൽ നിന്നും ലഭിച്ച ചെളിയും മണ്ണും ഉപയോഗിച്ച് പ്ലാസ്റ്ററിംഗ് നടത്തിയിരിക്കുന്നത്. എന്നാൽ 141 മീറ്റർ നീളത്തിലും 1.50 മീറ്റർ വീതിയിലും പുല്ലുപിടിപ്പിച്ചതിന് തുക അനുവദിച്ചിട്ടുണ്ടെങ്കിലും 137 മീറ്റർ നീളത്തിലാണ് കയർഭൂവസ്ത്രം വിരിച്ചിട്ടുള്ളത്. അളവു പുസ്തകം അനുസരിച്ചുള്ള കയർഭൂവസ്ത്രം ഉപയോഗിച്ചതിന്റേയും ആവശ്യമാകുന്ന കയർഭൂവസ്ത്രത്തിന്റേയും അളവ് ചുവടെ കൊടുക്കുന്നു.

കയർഭൂവസ്ത്രം ഉപയോഗിച്ചതിന്റെ അളവ്	ആവശ്യമാകുന്ന കയർഭൂവസ്ത്രത്തിന്റെ അളവ്	അധികമായി ഉപയോഗിച്ചത്
2x75x2.40 = 360 M^2	2x137x1.80=493.20 M^2	720-540=180 M^2
2x37x2.40x0.20=35.52	2x65x1.80x0.20= 46.80 (Overlap)	
2x41x2.40= 196.80	ആകെ 540m^2	

2x19x2.40x0.20=18.24	കുറിപ്പ് - എസ്റ്റിമേറ്റ് പ്രകാരം കയർഭൂവസ്ത്രം വിരിക്കുന്നതിന്റെ വീതിയേക്കാൾ 0.30 മീറ്റർ കൂട്ടിയാണ് ഉപയോഗിക്കുന്നത്. 1.50+0.30 = 1.80	
2x21 X2.40= 100.80		
2x9x2.40x0.20= 8.64		
ആകെ 720m^2		

അധികച്ചെലവിന്റെ വിവരം ചുവടെ കൊടുക്കുന്നു.

കയർഭൂവസ്ത്രം	180 M^2 @ 73.50 = 13230
ലോബർ ചാർജ്ജ്	180 M^2 @ 76.506 = 13771
ആകെ	27001

ആവശ്യമായതിലും കൂടുതൽ വീതിയിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നത് അധികച്ചെലവിനിടയാക്കുന്നു. കൂടാതെ മസ്റ്റർ റോൾപ്രകാരമാണ് തുക അനുവദിച്ചിരിക്കുന്നതെങ്കിലും ആവശ്യത്തിലധികം തൊഴിൽദിനങ്ങൾ അനുവദിക്കാനിടയായത് അധികച്ചെലവിനിടയാക്കി. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 19/14-08-23ന് മറുപടി നൽകിയിട്ടില്ല. ആവശ്യമായ അളവിൽ കയർഭൂവസ്ത്രവും തൊഴിൽദിനങ്ങളും മാത്രം അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ബി) വെളിയിൽ മാങ്കുറി തോട് ആഴം കൂട്ടി വശങ്ങളിൽ തീറ്റപ്പുൽ വച്ചു പിടിപ്പിക്കൽ - ആവശ്യമായതിലും കൂടുതൽ വീതിയിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നു.

അളവു പുസ്തകം 444/22-23

ടി പ്രവൃത്തിയിൽ 200മീറ്റർ നീളത്തിലും 1.80 മീറ്റർ വീതിയിലുമാണ് തോട്ടിൽ നിന്നും ലഭിച്ച ചെളിയും മണ്ണും ഉപയോഗിച്ച് പ്ലാസ്റ്ററിംഗ് നടത്തിയിരിക്കുന്നത്. എന്നാൽ 153 മീറ്റർ നീളത്തിലാണ് കയർഭൂവസ്ത്രം വിരിച്ചിട്ടുള്ളത്. അളവു പുസ്തകം അനുസരിച്ച് കയർഭൂവസ്ത്രം ഉപയോഗിച്ചതിന്റേയും ആവശ്യമാകുന്ന കയർഭൂവസ്ത്രത്തിന്റേയും അളവ് ചുവടെ കൊടുക്കുന്നു.

കയർഭൂവസ്ത്രം ഉപയോഗിച്ചതിന്റെ അളവ്	ആവശ്യമാകുന്ന കയർ ഭൂവസ്ത്രത്തിന്റേയും അളവ്	അധികമായി ഉപയോഗിച്ചത്
2x60x2.50 = 300 M^2	2x153x2.10 = 642.60 M^2	840-705.60 = 134.40m^2
2x30x2.50x0.20= 30	2x75x2.10x0.20 = 63 (Overlap)	
2x60x2.50 = 300 M^2	ആകെ 705.60m^2	
2x30x2.50x0.20=30	കുറിപ്പ് - എസ്റ്റിമേറ്റ് പ്രകാരം കയർഭൂവസ്ത്രം വിരിക്കുന്നതിന്റെ വീതിയേക്കാൾ 0.30 മീറ്റർ കൂട്ടിയാണ് ഉപയോഗിക്കുന്നത്. 1.80+0.30 = 2.10	
2x33x2.50 = 165		
2x15x2.50x0.20= 15		
ആകെ 840m^2		

അധികച്ചെലവിന്റെ വിവരം ചുവടെ കൊടുക്കുന്നു.

കയർഭൂവസ്ത്രം	134.40m^2 @ 73.50 = 9878
ലോബർ ചാർജ്ജ്	134.40m^2 @ 76.506 = 10282
ആകെ	20160

ആവശ്യമായതിലും കൂടുതൽ വീതിയിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നത് അധികച്ചെലവിനിടയാക്കുന്നു. കൂടാതെ മസ്റ്റർ റോൾപ്രകാരമാണ് തുക അനുവദിച്ചിരിക്കുന്നതെങ്കിലും ആവശ്യത്തിലധികം തൊഴിൽദിനങ്ങൾ അനുവദിക്കാനിടയായത് അധികച്ചെലവിനിടയാക്കി. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 19/14-08-23 ന് മറുപടി നൽകിയിട്ടില്ല. ആവശ്യമായ അളവിൽ കയർഭൂവസ്ത്രവും തൊഴിൽദിനങ്ങളും മാത്രം അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>1-31 തൊഴുത്ത് നിർമ്മാണം ഗുണഭോക്താവ് വാങ്ങിയ അളവിനേക്കാൾ കൂടിയ അളവിനും വാങ്ങിയ നിരക്കിനേക്കാൾ (മാർക്കറ്റ് വിലയേക്കാൾ)കൂടിയ നിരക്കിനും തുക അനുവദിച്ചതു വഴി അധികം നൽകിയത് - 56209/-</u>

താഴെപ്പറയുന്ന ഗുണഭോക്താക്കൾ ചെയ്ത അളവിനേക്കാളും കൂടിയ അളവ് അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയും വാങ്ങിയ നിരക്കിനേക്കാൾ (മാർക്കറ്റ് വിലയേക്കാൾ)കൂടിയ നിരക്കിനും തുക അനുവദിച്ചത് വഴി നഷ്ടം സംഭവിച്ചു. സംക്ഷിപ്തം ചുവടെ കൊടുക്കുന്നു.

ക്രമ നം.	ഗുണഭോക്താവിന്റെ പേര്	ഇനം	അധികം നൽകിയ തുക
1	**നിഷ, വിഷ്ണുഭവനം വാർഡ് -11**	**പശുത്തൊഴുത്ത് നിർമ്മാണം**	4643
2	ത്രേസ്യ ജോസഫ്, ലൈജു ഭവനം	ടി	9466
3	ലീലാമണി, സംഗീത വിദ്യാലയം വാർഡ് - 7	ടി	**14781**
4	മിനി കുമ്പളത്ത് വാർഡ് -3	ടി	4235
5	പ്രീത അനിൽകുമാർ, ചാണി നികർത്ത് വാർഡ്	ആട്ടിൻകൂട് നിർമ്മാണം	13153
6	ബിജിമോൾ, വെളിയിൽ വാർഡ്-15	ടി	9931
	ആകെ		56209

വിശദാംശത്തിന് ഖണ്ഡിക 3-2 കാണുക.

1-32 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ വിവരമില്ല

സെക്രട്ടറി നിർവ്വണം ചെയ്ത താഴെപ്പറയുന്ന ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ വിവരമില്ല.

ക്രമ നം	പ്രോജക്ട് നം	പ്രവൃത്തി	ചെലവു തുക	ചെലവു വിവരം	ആർക്ക് നൽകി
3	170/23	പൊതു ടാപ്പുകൾ വിച്ഛേദിക്കുന്നതിന്	141000	463/28-03-23	എക്സിക്യൂട്ടീവ് എഞ്ചിനിയർ,

		KWAയ്ക്ക് തുക നൽകൽ		191/13-12-22	KWA പി.എച്ച് ഡിവിഷൻ, ആലപ്പുഴ
4	63/23	പഞ്ചായത്ത് ഓഫീസിലും പരിസര പ്രദേശങ്ങളിലും CCക്യാമറ സ്ഥാപിക്കൽ	350259	343/24-02-23	PWD ഇലക്ട്രോണിക്സ് ഡിവിഷൻ, തിരുവനന്തപുരം
		ആകെ	491259		

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 15/14-08-23 ന് മറുപടി നൽകിയിട്ടില്ല. പൂർത്തീകരണ വിവരമില്ലത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു.

1-33 തുല്യതാ പരീക്ഷ - രേഖകൾ ഹാജരാക്കിയില്ല

ഹെഡ്മിസ്ട്രസ്സ്, ഗവ.എൽ.പി.എസ്, പട്ടണക്കാട് നടപ്പാക്കിയ 'പതിനൊന്നാം ക്ലാസ്സ് തുല്യത' (S0205/23) കോഴ്സിന്റെ ഭാഗമായി രജിസ്ട്രേഷൻ ഫീസിനത്തിൽ ഒരു പഠിതാവിനായി 2500/- രൂപ വീതം 3 പേർക്ക് 7500/- രൂപയും (ബിൽ നം. 282/30.1.23), 'പത്താംതരം തുല്യത കോഴ്സിന് ' (S0141/23) ഒരു പഠിതാവിന് 1850/- രൂപ വീതം 8 പഠിതാക്കൾക്ക് 14800/- (ബിൽ നം. 281/30.1.23)രൂപയും തനതുഫണ്ടിൽ നിന്നും സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്. പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച പഠിതാക്കളുടെ ലിസ്റ്റ് ഫയലിൽ ഉണ്ട്. എന്നാൽ പണം നൽകിയതിന്റെ കൈപ്പറ്റ് രസീത്, പഠിതാക്കൾക്കായി ക്ലാസ്സുകൾ നടത്തിയതിന്റെ ഹാജർ എന്നിവ ഫയലിൽ ലഭ്യമല്ല. അതുപോലെ പരീക്ഷ എഴുതിയവരുടേയോ, വിജയിച്ചവരുടെയോ പേരുവിവരങ്ങളോ, സർട്ടിഫിക്കറ്റോ ഫയലിൽ

ലഭ്യമല്ല. രേഖകൾ ലഭ്യമാക്കാനറിയിച്ച് ഓഡിറ്റ് എൻക്വയറി(നം. 20/14.8.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ടി പദ്ധതിക്കായി ചെലവഴിച്ച 22300/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-34 ഗാർഹികതല കക്കൂസ് നിർമ്മാണം -പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല

വിഇഒ (വെട്ടക്കൽ സർക്കിൾ) സ്പിൽ ഓവറായി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതികളിൽ മുൻ വർഷങ്ങളിൽ ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ ഇപ്പോഴും നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. ടി പദ്ധതിക്കായി ഓരോ ഗുണഭോക്താവിനും അഡ്വാൻസായി 12000/- രൂപയും നിർമ്മാണം പൂർത്തിയാക്കുന്ന മുറയ്ക്ക് ശേഷിക്കുന്ന 3400/- രൂപ നൽകുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്.

പ്രോജക്ടിന്റെ പേര്, പ്രോജക്ട് നം.	പദ്ധതി ആരംഭിച്ച വർഷം	പേര്, അഡ്രസ്സ്, വാർഡ്	കൈപ്പറ്റിയ തുക, വർഷം
ഗാർഹികതല കക്കൂസ് നിർമ്മാണം (സ്പിൽ ഓവർ) (S0018/23)	2020-21	ശ്രീമതി. ഗ്രീറ്റാ സന്ധ്യാവ്, വാലയിൽ, വാർഡ്-1	12000 (2020-21)
ഗാർഹിക കക്കൂസ് നിർമ്മാണം (സ്പിൽ ഓവർ) (S0021/23)	2021-22	ശ്രീ. ആന്റണി ജോൺ, പുളിയപള്ളിൽ, വാർഡ്-1	12000 (2022-23)
		ശ്രീമതി. ഗീത, ഏഴാടി, വാർഡ്-2	12000 (2021-22)
		ശ്രീമതി. പുഷ്പ, കരീത്തറ, വാർഡ്-2	12000 (2021-22)

		ശ്രീ.സുദർശൻ, കളത്തിത്തറ, വാർഡ്-2	12000 (2021-22)
		അന്നമ്മ, വാഴത്തറ, വാർഡ്-5	3400 (2021-22)
		അശോകൻ, പുത്തൻതറ, വാർഡ്-14	12000 (2021-22)
		എസ്റ്റർ ലിഡിയ, കല്ലൂർവീട്ടിൽ, വാർഡ്-14	12000 (2022-23)

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 22/14.8.2023) മറുപടിയിൽ പണി നടക്കുന്നതായും നിർമ്മാണം ഉടൻ പൂർത്തീകരിക്കുന്നതാണെന്നും അറിയിച്ചു. 2020-21 മുതൽ ആനുകൂല്യം കൈപ്പറ്റിയിട്ടുള്ള മേൽ പട്ടികയിലെ ഗുണഭോക്താക്കളുടെ കക്കൂസ് നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും അല്ലാത്തപക്ഷം തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. തുടർനടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-35 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ -മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ (S0009/23) പദ്ധതി പ്രകാരം ഹോമിയോ ആശുപത്രിയിലേക്കാവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിനായി 3 ലക്ഷം രൂപ (മെയി.ഫണ്ട്-നോൺ റോഡ്) വകയിരുത്തി 22.11.2022 ൽ ബിൽ റഫറൻസ് നം. 796815/22.11.2022 പ്രകാരം ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ 04.8.2023 ൽ 112637/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. ഹോംകോയുമായുള്ള കരാർ പ്രകാരം തുക കൈപ്പറ്റി 9 മാസത്തിനകം മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കുമെന്നും അല്ലാത്തപക്ഷം ഉണ്ടാകുന്ന എല്ലാ നഷ്ടങ്ങൾക്കും ഹോംകോ ഉത്തരവാദിയായിരിക്കുമെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. കരാർ കാലാവധി

22.8.2023 ൽ തീരുന്നതുമാണ്. ശേഷിക്കുന്ന 187363/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/11.8.2023) മറുപടി ലഭ്യമായില്ല. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-36 കന്നുകുട്ടി പരിപാലനം- തുക പൂർണമായും വിനിയോഗിച്ചില്ല

പ്രോജക്ടിന്റെ പേര്-കന്നുകുട്ടി പരിപാലനം- വനിത ഗ്രൂപ്പ്

പ്രോജക്ട് നം.183/2023

നിർവഹണം- വെറ്ററിനറി സർജൻ

അടങ്കൽ- വികസന ഫണ്ട്-866690/-രൂപ

തനത് ഫണ്ട്- 8310/-രൂപ

ഗുണഭോക്തൃ വിഹിതം (സ്ഥാപനത്തിൽ അടയ്ക്കുന്നത്)- 875000/-രൂപ

ആകെ- 1750000/-രൂപ

ചെലവ്- 875000/-രൂപ

(1.ബിൽ റെഫറൻസ് നം.22060552011401185864 തീയതി. 17.02.2023- 866690

2. ചെക്ക് നം.2235754 തീയതി.23.02.2023- 8310/-രൂപ)

2022-23 സാമ്പത്തിക വർഷത്തെ കന്നുകുട്ടി പരിപാലന പദ്ധതിക്കായി 70 ഗുണഭോക്താക്കൾക്കുള്ള തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതവും, സംസ്ഥാന വിഹിതവും ചേർത്തുള്ള തുക 875000/-രൂപ മേൽ പ്രകാരം അസിസ്റ്റന്റ് ഡയറക്ടർ കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം, ആലപ്പുഴയുടെ പേരിലുള്ള ട്രഷറി അക്കൌണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ ടി പദ്ധതി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ലായെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം.8

തീയതി.11.08.2023) നല്കിയതിനെ തുടർന്ന് കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറിൽ നിന്നുള്ള 271800/-രൂപയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കി. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് അവശേഷിക്കുന്ന തുകയ്ക്കുള്ള (603200/-രൂപ) വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതു വരെ 603200/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

1-37 ലൈഫ് ഭവനപദ്ധതി -ആദ്യഗഡു കൈപ്പറ്റിയെങ്കിലും പണി ആരംഭിച്ചിട്ടില്ല

ലൈഫ് ഭവനപദ്ധതിയിൽ 2018-19 ൽ കരാർ വച്ച് അഡ്വാൻസ് കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾ ഇപ്പോഴും നിർമ്മാണം ആരംഭിച്ചിട്ടില്ല.

പേര്, അഡ്രസ്സ്	കൈപ്പറ്റിയ തുക
ശ്രീമതി ഐഡാമ്മ ധന്വന്തരൻ, വാലയിൽ, അന്ധകാരനഴി	40000
ശ്രീ. പി സി ബൈജു, ചക്കുളത്തുവെളി	40000
ശ്രീ. വി ഡി തങ്കച്ചൻ, വടക്കേകോവിൽ നികർത്തിൽ	40000

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10/11.8.2023) ലഭ്യമാക്കിയ മറുപടിയിൽ ടി ഗുണഭോക്താക്കൾക്ക് കത്ത് നൽകിയിട്ടുണ്ടെന്നും നിർമ്മാണം ആരംഭിക്കുന്നില്ലെങ്കിൽ തുക തിരികെ ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്നുമറിയിച്ചു. തുടർനടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-38 ഇലക്ട്രിക്ക് സാമഗ്രികൾ വാങ്ങൽ - ആസൂത്രണത്തിലെ പാളിച്ച അധികച്ചെലവിനിടയാക്കുന്നു.

പ്രോജക്ട് നമ്പർ - S00236/23

ചെലവു വിവരം - 449/28-03-23 രൂപ 2 ലക്ഷം

സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗിനുള്ള ഇലക്ട്രിക്കൽ ഐറ്റംസ് സപ്ലൈ ചെയ്ത ഇനത്തിൽ യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസിന് മേൽ ബിൽ പ്രകാരം 2 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ തെരുവു വിളക്കു പരിപാലനത്തിനുള്ള ലൈറ്റുകൾ വാങ്ങൽ എന്ന പദ്ധതിക്ക് ടെണ്ടർ ക്ഷണിച്ച് കുറഞ്ഞ നിരക്ക് ക്വോട്ട ചെയ്ത ഡിവൈൻ ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും 2022-23 വർഷം വാങ്ങൽ നടത്തിയിട്ടുണ്ട്. ടി സ്ഥാപനത്തിന്റെ നിരക്കുമായി ഒത്തു നോക്കിയതിൽ യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസിൽ നിന്നും കൂടിയ നിരക്കിൽ സാധനങ്ങൾ വാങ്ങിയതിനാൽ അധികച്ചെലവിനിടയായി.

ഇനം	യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസ് നിരക്കും (Gst ഒഴികെ) ചെലവഴിച്ച തുകയും	ഡിവൈൻ ഇലക്ട്രിക്കൽസ് നിരക്കും(Gst ഒഴികെ) ചെലവഴിക്കേണ്ടി വരുന്ന തുകയും	അധികം
14 W/15w LED	500 @178.50 = 89250	500 @125.42= 62710	26540
ഹോൾഡർ	1000 @16.80 = 16800	1000 @16.10 = 16100	700
1.5 Sq Mm അലൂമിനിയം വയർ	40 @319 = 12760	40 @220.34 = 8814	3946

			31186

അടിയന്തിര സാഹചര്യത്തിലാണ് വാങ്ങൽ നടത്തിയതെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും അധികച്ചെലവ് വരാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-39 എസ്സ് സി വിദ്യാർത്ഥികൾക്ക് പഠനമുറി-പദ്ധതി പൂർത്തീകരിച്ചിട്ടില്ല

നിർവ്വഹണം- അസിസ്റ്റന്റ് സെക്രട്ടറി

1. പ്രോജക്ടിന്റെ പേര് : എസ്സ് സി വിദ്യാർത്ഥികൾക്ക് പഠനമുറി (S00105/23)

അടങ്കൽ: 600000/-(എസ്.സി.പി, തനത് ഫണ്ട്)

ചെലവ്: 225000/- (എസ്.സി.പി)

ബിൽ റഫറൻസ് നം. 95690/27.1.23, 50000/-

ബിൽ റഫറൻസ് നം. 138294/17.3.23, 125000/-

ടി പദ്ധതി പ്രകാരം ശ്രീമതി ഓമന(ശ്രീഹരി), ശ്രീമതി പ്രീതി കണ്ണൻ (ആർദ്ര കണ്ണൻ) എന്നീ ഗുണഭോക്താക്കൾക്ക് യഥാക്രമം 125000/-, 50000/- രൂപ എന്നിങ്ങനെ പഠനമുറിയ്ക്കായി 2022-23 സാമ്പത്തികവർഷം ആനുകൂല്യം നൽകിയിട്ടുണ്ടെങ്കിലും നിലവിലും പഠനമുറിയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

2. പ്രോജക്ടിന്റെ പേര് : എസ്സ് സി വിദ്യാർത്ഥികൾക്ക് പഠനമുറി സ്പിൽ ഓവർ (S0072/23)

അടങ്കൽ: 100000/-(എസ്.സി.പി)

ചെലവ്: 75000/- (എസ്.സി.പി)

ബിൽ റഫറൻസ് നം. 212540/17.6.22, 25000/-

ബിൽ റഫറൻസ് നം. 228727/22.6.22, 50000/-

സ്പിൽ ഓവർ ആയി നടപ്പിലാക്കിയ ടി പദ്ധതി പ്രകാരം നിർമ്മാണം പൂർത്തിയാക്കി വാല്യുവേഷൻ സർട്ടിഫിക്കേറ്റ് ഹാജരാക്കിയ 3 ഗുണഭോക്താക്കൾക്ക് അവസാന ഗഡു ആനുകൂല്യം 25000 രൂപ വീതം നൽകിയിട്ടുണ്ട്. എന്നാൽ രജിസ്റ്റർ പരിശോധിച്ചതിൽ 2021-22 വർഷം 175000/- രൂപ ആനുകൂല്യം കൈപ്പറ്റിയ ജയനാഥ് കെ എസ് (നന്ദന കെ) എന്ന ഗുണഭോക്താവ് നിലവിലും നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/11.8.2023) ലഭ്യമാക്കിയ മറുപടിയിൽ 2021-22 വർഷം ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താവ് നിർമ്മാണം പൂർത്തിയാക്കി വാല്യുവേഷൻ ഹാജരാക്കിയിട്ടില്ലെന്നും ഈ വർഷം പദ്ധതിക്കായി തുക വകയിരുത്തിയിട്ടില്ലെന്നും അറിയിച്ചു. ടി ഗുണഭോക്താവ് നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തൻവർഷം ആനുകൂല്യം കൈപ്പറ്റിയ 2 ഗുണഭോക്താക്കളുടെയും പഠനമുറി നിർമ്മാണം നടക്കുന്നുണ്ടെന്ന് മറുപടിയിൽ അറിയിച്ചു. തൻവർഷത്തെ പദ്ധതിയ്ക്കായി ചെലവഴിച്ച 225000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പഠനമുറി നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് മൂല്യനിർണ്ണയ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 ഒരേ പരസ്യത്തിന് രണ്ടു പ്രാവശ്യം തുക അനുവദിച്ചു നഷ്ടം 10080/-,ഡിസ്കൗണ്ട് ലഭ്യമായില്ല നഷ്ടം -4846/-

പദ്ധതി ആസൂത്രണവും നിർവ്വഹണവും മോണിട്ടറിംഗും

പ്രോജക്ട് നം - S0110/23

നിർവ്വഹണം - സെക്രട്ടറി

എ) കേരള കൗമുദി പത്രത്തിൽ താഴെപ്പറയുന്ന ദിവസങ്ങളിൽ പരസ്യം നൽകിയതിന് രണ്ടു പ്രാവശ്യം തുക അനുവദിച്ചിട്ടുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു.

പരസ്യ ബിൽ നം	വിൻഡോ പരസ്യം നം	അനുവദിച്ച തുക	ചെലവു വിവരം
BLALP/77436/23-11-22	180907/2022	5040	196/15-12-2022 രൂപ 10080
BPALP/77166/28-10-22	178991/2022	5040	
		10080	

23-11-22 തീയതിയിലെ ബിൽ പ്രകാരമുള്ള തുക 15% ഡിസ്കൗണ്ട് കിഴിച്ച് 355/02-03-23 നമ്പർ ബിൽ പ്രകാരവും 28-10-22 തീയതിയിലെ ബിൽ പ്രകാരമുള്ള തുക 15% ഡിസ്കൗണ്ട് കിഴിച്ച് 308/14-02-23

നമ്പർ ബിൽ പ്രകാരവും അനുവദിച്ചിട്ടുള്ളതാണ്. അതിനാൽ ഒരേ പരസ്യത്തിന് രണ്ടു പ്രാവശ്യം തുക അനുവദിച്ചത് അധികം നൽകാനിടയാക്കി. അധികം നൽകിയ10080/- രൂപ കേരള കൗമുദി പ്രൈവറ്റ് ലിമിറ്റഡിൽ നിന്നും ഈടാക്കേണ്ടതാണ്.

ബി) 49/23-08-22 നമ്പർ ബിൽ പ്രകാരം 2021-22 വർഷം പത്രപരസ്യം നൽകിയതിന് കേരള കൗമുദി പ്രൈവറ്റ് ലിമിറ്റഡിന് 32306/- രൂപ നൽകിയിട്ടുണ്ട്.

ബിൽ നമ്പർ	തുക
74874/24-03-22	4813
74818/19-03-22	4813
74082/19-01-22	5670
74470/10-03-22	5670
74475/05-03-22	5670
75185/24-02-22	5670
	32306

ഗ്രാമപഞ്ചായത്ത് നേരിട്ട് പരസ്യം നൽകിയാലും 15% ഡിസ്കൗണ്ടിന് അർഹതയുണ്ട്.എന്നാൽ അർഹമായ ഡിസ്കൗണ്ട് ലഭ്യമായില്ല. അതിനാൽ 4846/- രൂപ അധികം നൽകാനിടയായി. ടി തുക കേരള കൗമുദി പ്രൈവറ്റ് ലിമിറ്റഡിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 16/14-08-23 ന് മറുപടി നൽകിയിട്ടില്ല.

അധികം നൽകാനിടയായ 14926/-(10080 + 4846) രൂപ കേരള കൗമുദി പ്രൈവറ്റ് ലിമിറ്റഡിൽ നിന്നും ഈടാക്കേണ്ടതാണ്.

3-2 തൊഴുത്ത് നിർമ്മാണം ഗുണഭോക്താവ് വാങ്ങിയ അളവിനേക്കാൾ കൂടിയ അളവിനും വാങ്ങിയ നിരക്കിനേക്കാൾ (മാർക്കറ്റ് വിലയേക്കാൾ)കൂടിയ നിരക്കിനും തുക അനുവദിച്ചതു വഴി അധികം നൽകിയത് - 56209/-

താഴെപ്പറയുന്ന ഇനങ്ങൾക്ക് ഗുണഭോക്താവ് ചെയ്ത അളവിനേക്കാളും കൂടിയ അളവ് അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയും വാങ്ങിയ നിരക്കിനേക്കാൾ (മാർക്കറ്റ് വിലയേക്കാൾ)കൂടിയ നിരക്കിനും തുക അനുവദിച്ചത് വഴി നഷ്ടം സംഭവിച്ചു. വിശദാംശം ചുവടെ കൊടുക്കുന്നു.

1. നിഷ, വിഷ്ണുഭവനം വാർഡ് -11

അളവു പുസ്തകം - 64/22-23

FTO തീയതി – 11-09-22

എ)പശുത്തൊഴുത്ത് നിർമ്മാണത്തിന് സാധനങ്ങൾ വാങ്ങിയതിന് ഹാജരാക്കിയ അരുൺ ട്രേഡേഴ്സിന്റെ 08-03-22ലെ 13939 ബിൽ പ്രകാരം മൈൽഡ് സ്റ്റീൽ വാങ്ങിയ നിരക്ക് നികുതികളടക്കം 86/-

രൂപയാണ്. എന്നാൽ അനുവദിച്ചിരിക്കുന്ന നിരക്ക് 112.10/Kg ആണ്. എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കാണെങ്കിലും ഉയർന്ന നിരക്ക് അനുവദിച്ചത് അധികം നൽകാനിടയായി.

അനുവദിച്ച അളവും തുകയും 133.996 Kg @ 112.10 = 15021/

അനുവദനീയമായ തുക - 133.996 Kg @ 86 = 11524

അധികം - 3497/-

ബി)ടി പ്രവൃത്തിയിൽ അലുമിനിയം ടഫോൾഡ് ഷീറ്റ് ഉപയോഗിച്ചത് - 28.60m^2. എന്നാൽ തുക അനുവദിച്ചത് 30.92 M^2 ന്. അധികം നൽകിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

അനുവദിച്ച അളവും തുകയും 30.92 M^2 @ 495 = 15303/-

അനുവദനീയമായ തുക - 28.60 M^2 @ 495 = 14157/-

അധികം - 1146/-

ആകെ അധികം നൽകിയത് - 3497 + 1146 = 4643/-

2. ത്രേസ്യ ജോസഫ്, ലൈജു ഭവനം

അളവു പുസ്തകം - 68/22-23

FTO തീയതി – 11-08-22

എ) പശുത്തൊഴുത്ത് നിർമ്മാണത്തിന് സാധനങ്ങൾ വാങ്ങിയതിന് ഹാജരാക്കിയ പൊൻ വേലിൽ ഏജൻസീസിന്റെ 08-05-22ലെ ബിൽ പ്രകാരം സിമന്റ് വാങ്ങിയ നിരക്ക് 8000/ടൺ രൂപയാണ്. എന്നാൽ അനുവദിച്ചിരിക്കുന്ന നിരക്ക് 12288/ടൺ ആണ്. സിമന്റ് ഒരു Packaged Commodity എന്ന നിലയിൽ പാക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന പരമാവധി വിലയേക്കാൾ കൂടുതൽ നൽകി വാങ്ങാൻ നിയമം അനുവദിക്കുന്നില്ല. അതിനാൽ അധികം നൽകാനിടയായി.

അനുവദിച്ച അളവും തുകയും 0.6407ടൺ @12288 = 7874

അനുവദനീയമായ തുക - 0.6407ടൺ @8000 = 5126

അധികം -2748/-

ബി)ടി പ്രവൃത്തിയിൽ അലുമിനിയം ടഫോൾഡ് ഷീറ്റ് ഉപയോഗിച്ചത് - 15.616m^2. എന്നാൽ അനുവദിച്ചത് 16.8811 M^2 ന് അധികം നൽകിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

അനുവദിച്ച അളവും തുകയും 16.8811 M^2@495 = 8356/-

അനുവദനീയമായ തുക - 115.616 M^2 @495 = 7730/-

അധികം -626/-

സി) സാധനങ്ങൾ വാങ്ങിയതിന് ഹാജരാക്കിയ പൊൻ വേലിൽ ഏജൻസീസിന്റെ 08-05-22ലെ ബിൽ പ്രകാരം കല്ല് വാങ്ങിയ നിരക്ക് 35/- ഒരെണ്ണം ആണ്. എന്നാൽ അനുവദിച്ചിരിക്കുന്ന നിരക്ക് 45/- ആണ്. അധികം നൽകിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

അനുവദിച്ച അളവും തുകയും 609.2451 @ 45 = 27416

അനുവദനീയമായ തുക - 609.2451 @ 35 = 21324

അധികം -6092/-

ആകെ അധികം നൽകിയത് - 2748 +626+ 6092 = 9466/-

3. ലീലാമണി, സംഗീത വിദ്യാലയം വാർഡ് - 7 **(പശ്ചത്തൊഴുത്ത് നിർമ്മാണം)**

അളവു പുസ്തകം - 68/22-23

FTO തീയതി – 18-05-22

എ)പശ്ചത്തൊഴുത്ത് നിർമ്മാണത്തിന് സാധനങ്ങൾ വാങ്ങിയതിന് ഹാജരാക്കിയ ചേലപ്പള്ളി ഹോളോബ്രിക്സിന്റെ ന്റെ 37/24-09-20ലെ ബിൽ പ്രകാരം സിമന്റ് ബ്രിക്സ് വാങ്ങിയ നിരക്ക് 20/ഒരെണ്ണം ആണ്. എന്നാൽ അനുവദിച്ചിരിക്കുന്ന നിരക്ക് 45/ഒരെണ്ണം ആണ്. ആണ്. അധികം നൽകിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

അനുവദിച്ച അളവും തുകയും 164.388 @ 45 = 7397 (എസ്റ്റിമേറ്റിൽ 40/ഒരെണ്ണം ആണ്)

അനുവദനീയമായ തുക -164.388@ 20 = 3888

അധികം -3509/-

ബി) ലാറ്ററൈറ്റ് 409.563 എണ്ണം ഉപയോഗിച്ചതിന് 45 രൂപ നിരക്കിൽ 18430/- രൂപ അനുവദിച്ചിട്ടുണ്ട്. ലാറ്ററൈറ്റ് വാങ്ങിയതിന് ബിൽ ഹാജരാക്കിയിട്ടില്ല. എസ്റ്റിമേറ്റ് പ്രകാരം അനുവദിക്കാവുന്ന നിരക്ക് 38/- രൂപയാണ്. അനുവദനീയമായ തുക - 409.563 @ 38 = 15563/-. അധികം 2867/-

സി) സാധനങ്ങൾ വാങ്ങിയതിന് ഹാജരാക്കിയ ചെറുപുഷ്പം ഏജൻസീസിന്റെ ന്റെ HR3357/01-02-22 ബിൽ പ്രകാരം മൈൽഡ് സ്റ്റീൽ വാങ്ങിയ നിരക്ക് നികുതികളടക്കം 96/- രൂപയാണ്. എന്നാൽ അനുവദിച്ചിരിക്കുന്ന നിരക്ക് 117.75/Kg ആണ്. ടി പ്രവൃത്തിക്ക് ആവശ്യമായി വന്നത് 232 KG ആണ്. എന്നാൽ ഇതിനോടൊപ്പം 23.20 Kg, 10% എക്സ്ട്രാ എന്ന് കാണിച്ച് 255.20 Kg യ്ക്കാണ് തുക അനുവദിച്ചിരിക്കുന്നത്.

അനുവദിച്ച അളവും തുകയും 255.204 Kg @ 117.75 = 30051/

അനുവദനീയമായ തുക -232 Kg @ 96 = 22272

അധികം -7779/-

ടി പ്രവൃത്തിയിൽ അലുമിനിയം ട്രഫോൾഡ് ഷീറ്റ് ഉപയോഗിച്ചത് - 21.28 M^2. എന്നാൽ അനുവദിച്ചത് 23 M^2 ന് അധികം നൽകിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

അനുവദിച്ച അളവും തുകയും 23.00368 M^2 @ 495 =11387/-

അനുവദനീയമായ തുക - 21.28m^2 @ 495 = 10534/-

അധികം -626/-

ആകെ അധികം നൽകിയത് - 3509 +2867+ 7779+626 = 14781

4. മിനി കുമ്പളത്ത് വാർഡ് -3(പശുത്തൊഴുത്ത് നിർമ്മാണം)

അളവു പുസ്തകം – 502/21-22

FTO തീയതി – 28-10-22

എ) സാധനങ്ങൾ വാങ്ങിയതിന് ഹാജരാക്കിയ അരുൺട്രേഡേഴ്സിന്റെ 12332/03-02-22 ബിൽ പ്രകാരം മൈൽഡ് സ്റ്റീൽ വാങ്ങിയ നിരക്ക് നികുതികളടക്കം 96/- രൂപയാണ്. എന്നാൽ അനുവദിച്ചിരിക്കുന്ന നിരക്ക് 112.1/Kg ആണ്. ടി പ്രവൃത്തിക്ക് ആവശ്യമായി വന്നത് 216.324KG ആണ്. എന്നാൽ ഇതിനോടൊപ്പം 21.632 Kg, 10% എക്സ്ട്രാ എന്ന് കാണിച്ച് 237.9564 Kg എന്ന് കാണിച്ചിട്ടുണ്ടെങ്കിലും 211.4578 Kg നാണ് തുക അനുവദിച്ചിരിക്കുന്നത്.

അനുവദിച്ച അളവും തുകയും - 211.4578 @ 112.10 =23704

അനുവദനീയമായ തുക 211.4578 Kg @ 96 = 20300

അധികം -3404/-

ബി)ടി പ്രവൃത്തിയിൽ അലുമിനിയം ടഫോൾഡ് ഷീറ്റ് ഉപയോഗിച്ചത് - 21 M^2. എന്നാൽ അനുവദിച്ചത് 22.68 M^2 ന് അധികം നൽകിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

അനുവദിച്ച അളവും തുകയും 22.68 M^2 @ 495 =111226/-

അനുവദനീയമായ തുക - 21 M^2 @ 495 = 10395/-

അധികം -831/-

ആകെ അധികം നൽകിയത് 3404 + 831 = 4235/-

5) പ്രീത അനിൽകുമാർ, ചാണി നികർത്ത് വാർഡ് (ആട്ടിൻകൂട് നിർമ്മാണം)

അളവു പുസ്തകം - 75/22-23

FTO തീയതി – 01-09-22

എ)ടി പ്രവൃത്തിക്ക് മൈൽഡ് സ്റ്റീൽ ആവശ്യമായി വന്നത് 234.174 Kg ആണ്. എന്നാൽ 245.981 Kg നാണ് തുക അനുവദിച്ചിരിക്കുന്നത് .

അനുവദിച്ച അളവും തുകയും - 245.981 @ 112.10 =27575

അനുവദനീയമായ തുക 234.174 Kg @ 112.10 = 26251

അധികം -1324/-

ബി)സാധനങ്ങൾ വാങ്ങിയതിന് ഹാജരാക്കിയ അയൺ പൈപ്പ്സ് & ഷീറ്റ്സിന്റെ 101/04-04-22 ബിൽ പ്രകാരം വയർ മെഷ് വാങ്ങിയ നിരക്ക് നികുതികളടക്കം 182.22/M^2 രൂപയാണ്. (16.9492/Sq.Ft = 16.9492x10.764 = 182.44) എന്നാൽ അനുവദിച്ചിരിക്കുന്ന നിരക്ക് 422/M^2 ആണ്.

അനുവദിച്ച അളവും തുകയും - 46.06 M^2 @ 422 = 19437

അനുവദനീയമായ തുക 46.06 M^2 @ 182.44 =8403

അധികം -11034/-

സി) ടി പ്രവൃത്തിയിൽ അലുമിനിയം ടഫോൾഡ് ഷീറ്റ് ഉപയോഗിച്ചത് – 19.84m^2. എന്നാൽ അനുവദിച്ചത് 21.4473 M^2 ന് അധികം നൽകിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

അനുവദിച്ച അളവും തുകയും 21.4473 M^2 @ 495 =10616/-

അനുവദനീയമായ തുക - 19.84 M^2 @ 495 = 9821/-

അധികം -795/-

ആകെ അധികം നൽകിയത് - 1324 + 11034 + 795 = 13153/-

6)ബിജിമോൾ, വെളിയിൽ വാർഡ് -15 (ആട്ടിൻകൂട് നിർമ്മാണം)

അളവു പുസ്തകം –67/22-23

FTO തീയതി – 11-08-22

എ)സാധനങ്ങൾ വാങ്ങിയതിന് ഹാജരാക്കിയ നന്ദു സ്റ്റീൽസ്, വയലാർ-ന്റെ 1500/23-05-22 ബിൽ പ്രകാരം വയർ മെഷ് വാങ്ങിയ നിരക്ക് നികുതികളടക്കം 273.62/M^2 രൂപയാണ്. (25.42/Sq.Ft = 25.42 X10.764 = 273.62) എന്നാൽ അനുവദിച്ചിരിക്കുന്ന നിരക്ക് 422/M^2 ആണ്. കൂടാതെ ടി പ്രവൃത്തിയിൽ 16.875 M^2 മാത്രം ഉപയോഗിച്ചിട്ടുള്ളപ്പോൾ 30m^2 നാണ് തുക അനുവദിച്ചിരിക്കുന്നത്.

അനുവദിച്ച അളവും തുകയും - 30 M^2 @ 422 = 12660

അനുവദനീയമായ തുക 16.875 M^2 @273.62 =4617

അധികം -8043/-

ബി)ടി പ്രവൃത്തിയിൽ അലുമിനിയം ടഫോൾഡ് ഷീറ്റ് ഉപയോഗിച്ചത് -20.40 M^2. എന്നാൽ തുക അനുവദിച്ചത് 24.2147 M^2 ന് അധികം നൽകിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

അനുവദിച്ച അളവും തുകയും 24.2147 M^2 @ 495 =11986/-

അനുവദനീയമായ തുക -20.40 M^2 @ 495 = 10098/-

അധികം -1888/-

ആകെ അധികം നൽകിയത് - 8043 + 1888 = 9931/-

അധികം നൽകാനിടയായ 56209/- രൂപ മേല്പറഞ്ഞ ഗുണഭോക്താക്കളിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഇതിന് ഉത്തരവാദികളായ അക്രഡിറ്റഡ് എഞ്ചിനീയർ, MNREGS, സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി എന്നിവരുടെ ബാധ്യതയായി നിർണയിക്കുന്നതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 25/16-08-23 ന് മറുപടി ലഭ്യമാക്കിയില്ല.

<u>3-3 സ്റ്റാക്ക് അളവിൽ നിന്നും വോയിഡ്സിനത്തിൽ 7.5% കുറവുചെയ്തില്ല. അധികം നൽകിയത് 4554/-</u>

നന്ദികാട് കോൺക്രീറ്റ് റോഡ് ഘട്ടം -1

അളവു പുസ്തകം 202/2021

മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാരൻ -ശ്രീ. ഭാർഗ്ഗവൻ

FTO തീയതി – 04-04-22

എ) തൊഴിലുറപ്പു പദ്ധതിയിൽ ചെയ്ത നന്ദികാട് കോൺക്രീറ്റ് റോഡ് ഘട്ടം-1 എന്ന പ്രവൃത്തിക്ക് 40mm മെറ്റിൽ സപ്ലൈ ചെയ്തിരിക്കുന്നതായി കാണിച്ചിരിക്കുന്നത് 26.350 M^3 ആണ്. ഈ അളവിന് 2300/-

രൂപ നിരക്കിൽ 60548/- രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. CPWD സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതിനാൽ സ്റ്റാക്ക് അളവിൽ നിന്നും വോയിഡ്സിനത്തിൽ 7.5% കുറവുചെയ്തതിനുശേഷമേ തുക അനുവദിക്കുവാൻ പാടുള്ളൂ. മേൽപ്പറഞ്ഞ അളവിൽ നിന്നും 7.5% കുറവു ചെയ്യാതിരുന്നതിനാൽ അധികം നൽകാനിടയായി. കുറവു ചെയ്യേണ്ടിയിരുന്ന അളവും തുകയും ചുവടെ കൊടുക്കുന്നു.

1.98 M^3 @2300 =4554/- ടി തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 17/14-08-23 ന് മറുപടി നൽകിയിട്ടില്ല.

3-4 കാലിത്തീറ്റ വിതരണം-അധിക തുക സബ്സിഡി നൽകി

ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണം നടത്തിയ 'ക്ഷീരകർഷകർക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ ലഭ്യമാക്കൽ(S0116/23)' എന്ന പദ്ധതി പ്രകാരം വികസനഫണ്ടിൽ(പൊതുവിഭാഗം) നിന്ന് 420700/- രൂപ ചെലവഴിച്ച് പഞ്ചായത്തിലെ വിവിധ ക്ഷീരസംഘങ്ങളിൽ ഉൾപ്പെട്ട ക്ഷീരകർഷകർക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം നടത്തിയിട്ടുണ്ട്. എന്നാൽ രേഖകൾ പരിശോധിച്ചതിൽ, കാലിത്തീറ്റയ്ക്ക് നൽകിയ യഥാർത്ഥവിലയുടെ 50% തുക സബ്സിഡി നൽകേണ്ടതിന് പകരം MRP യുടെ 50% തുക സബ്സിഡി നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. അധിക തുക സബ്സിഡി നൽകിയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിനുള്ള (നം. 9/11.8.2023) മറുപടിയിൽ മുൻവർഷം MRP യ്ക്ക് ആനുപാതികമായി സബ്സിഡി നൽകിയിരുന്നതിനാലാണ് ഇപ്രകാരം നൽകിയതെന്നും ഇനി മുതൽ യഥാർത്ഥവിലയ്ക്ക് ആനുപാതികമായി മാത്രം സബ്സിഡി നൽകുന്നതാണെന്നും അറിയിച്ചു. വരും വർഷങ്ങളിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ യഥാർത്ഥ ചെലവിന് അനുസരിച്ച് മാത്രം സബ്സിഡി നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

ക്ഷീരസംഘം	50 Kg ബാഗിന് നൽകിയ വില, MRP	വിതരണം നടത്തിയ ബാഗുകളുടെ എണ്ണം	വിതരണം നടത്തിയ ബാഗുകൾക്ക് നൽകേണ്ടിയിരുന്ന സബ്സിഡി	നൽകിയ സബ്സിഡി	അധികം നൽകിയ തുക
വെട്ടയ്ക്കൽ	1300, 1400	61	79300/-	85400	6100
മേനാശ്ശേരി	1420, 1550	10	14200	15500	1300
പട്ടണക്കാട്	1290, 1400	75	96750	105000	8250
	1410, 1550	32	45120	49600	4480
പാറയിൽ	1300, 1400	67	87100	93800	6700
പുതിയകാവ്	1300, 1400	51	66300	71400	5100
ആകെ					31930

ബിൽ റഫറൻസ് നം. 40499/24.2.23 പ്രകാരം 255500/- രൂപ

ബിൽ റഫറൻസ് നം. 24211/10.1.23 പ്രകാരം 93800/- രൂപ

ബിൽ റഫറൻസ് നം. 88581/25.1.23 പ്രകാരം 71400/- രൂപ

അധികം നൽകിയ 31930/- രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക: മുന്നിരിപ്പ് ഉൾപ്പെടെ	പ്രൊജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത്	2022-23	1080000	നെൽകൃഷി വിത്ത് കൂലിചെലവ്	10800001	0
ബ്ലോക്ക് പഞ്ചായത്ത്	2022-23	2640000	ലൈഫ്	2640000	0
ബ്ലോക്ക് പഞ്ചായത്ത്	2022-23	100000	അംഗൻവാടി പോഷകാഹാരം	100000	0
ബ്ലോക്ക് പഞ്ചായത്ത്	2022-23	293700	ശാരീരിക മാനസിക വെല്ലുവിളി സ്കോളർഷിപ്പ്	293700	0
ബ്ലോക്ക് പഞ്ചായത്ത്	2022-23	400000	പാലിന് സബ്സിഡി	400000	0

ജില്ലാ പഞ്ചായത്ത്	2022-23	273300	നെൽകൃഷി വിത്ത് കൂലിചെലവ്	273300	0
ജില്ലാ പഞ്ചായത്ത്	2022-23	2120000	ലൈഫ്	2120000	0
ജില്ലാ പഞ്ചായത്ത്	2022-23	185000	അംഗൻവാടി പോഷകാഹാരം	185000	0
ജില്ലാ പഞ്ചായത്ത്	2022-23	318800	ശാരീരിക മാനസിക വെല്ലുവിളി സ്കോളർഷിപ്പ്	318800	0
ജില്ലാ പഞ്ചായത്ത്	2022-23	400000	പാലിന് സബ്സിഡി	400000	0

4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ ചെക്ക് നം.	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
KWA	പറപ്പള്ളി സ്കൂവീസ്	42201034	30000	0	30000
PWD Electronics	CCTV ക്യാമറ	22200964	350259	0	350259
KWA	പൊതുടാപ്പ് വിച്ഛേദിക്കൽ	4220598	141000	0	141000

4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

4-4 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 8144000/- രൂപ വരവുണ്ട്. മുൻബാക്കി 140000/- രൂപയടക്കം 8284000/- രൂപയിൽ 5724000/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തിയ്യതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ലൈഫ്		8144000	51033559	5652998		53524561

. (*ലൈഫ് പദ്ധതിയുടെ വിവരങ്ങൾ)

4-5 സ്ഥിര നിക്ഷേപം

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1000/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രശീത് നമ്പർ തിയ്യതി

2019-20	3(1)	1000	താഹിറാ ബീവി, എച്ച്.എം, ഗവ.എൽ.പി.എസ് കോനാട്ടുശ്ശേരി	1220104336 Dtd.22.03.2023

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2019-20	1-20	2020-21	മരുന്നുകൾ വാങ്ങിയത് സംബന്ധിച്ച്	മരുന്നു വാങ്ങൽ	16.01.2023ൽ അപാകത പരിഹരിച്ച് രേഖകൾ സമർപ്പിച്ചിട്ടുണ്ട്

4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ)സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ് (റസീപ്റ്റ് &പേയ്മെന്റ് പ്രകാരം)	69414504
ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീപ്റ്റ് &പേയ്മെന്റ് പ്രകാരം)	5946545
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	46906
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	1085863

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ്ജ് ചെയ്യാവുന്നവ	സർചാർജ്ജ് ചെയ്യാവുന്നവ	
3-1 എ		10080	ജോയി മാത്യു, സെക്രട്ടറി
3-1 ബി		4896	കെ. സാബുമോൻ, സെക്രട്ടറി
3-4		31930	വിനീത്.എൻ, ഡയറി ഫാം ഇൻസ്ട്രക്ടർ

ആകെ		46906/-	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-27	48000	ജോയി മാത്യു, സെക്രട്ടറി
1-33	22300	സന്ധ്യ, ഹെഡ്മിസ്ട്രസ്, ഗവ.എൽ.പി.എസ്, പട്ടണക്കാട്.
1-35	187363	ഡോ.സ്നേഹാ പി എസ്, മെഡിക്കൽ ഓഫീസർ (ഹോമിയോ)
1-36	603200	ഉണ്ണികൃഷ്ണൻ, വെറ്ററിനറി സർജൻ
1-39	225000	മേരി ഗ്രേസ്, അസിസ്റ്റന്റ് സെക്രട്ടറി
ആകെ	1085863	

(സി)കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-2	56209	ദീപ്തി എം.ബി, അക്രഡിറ്റഡ് എഞ്ചിനീയർ ജോയി മാത്യു, സെക്രട്ടറി(ക്രമ നം -4 ന്റെ ഭാഗിക ഉത്തരവാദിത്വം) കെ സാബുമോൻ, സെക്രട്ടറി (ക്രമ നം -1,2,3,5,6 ന്റെ ഭാഗിക ഉത്തരവാദിത്വം) മേരി ഗ്രേസ്, അസിസ്റ്റന്റ് സെക്രട്ടറി

3-3	4554	ദീപ്തി എം.ബി, അക്രഡിറ്റഡ് എഞ്ചിനീയർ
ആകെ	60763	

(ഡി)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ജോയി മാത്യു, സെക്രട്ടറി	സെക്രട്ടറി, പട്ടണക്കാട് ഗ്രാമപഞ്ചായത്ത്	ഷരോണിയ, എസ്.എൽ.പുരം.പി.ഒ, ആലപ്പുഴ
കെ. സാബുമോൻ, സെക്രട്ടറി	സെക്രട്ടറി, തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്ത്	കായൽപ്പുറം വീട്, കൈനകരി പി.ഒ, ആലപ്പുഴ
സന്ധ്യ കെ പി, ഹെഡ്മിസ്ട്രസ്	ഹെഡ്മിസ്ട്രസ്, ഗവ.എൽ.പി.എസ്, പട്ടണക്കാട്	ആതിര, കടക്കരപ്പള്ളി പി.ഒ, ചേർത്തല
മേരി ഗ്രേസ്, അസിസ്റ്റന്റ് സെക്രട്ടറി	അസിസ്റ്റന്റ് സെക്രട്ടറി, എടത്വ ഗ്രാമപഞ്ചായത്ത്	കട്ടിയാട്ടുതയ്യിൽ, മരുത്തോർവട്ടം പി.ഒ, ചേർത്തല
ഡോ.മൃദുല രാവുണ്ണി മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.	മെഡിക്കൽ ഓഫീസർ, പട്ടണക്കാട് ഗ്രാമപഞ്ചായത്ത്	ആനന്ദഭവൻ, പറയകാട് പി.ഒ, തുറവൂർ, ചേർത്തല

ഡോ.സ്നേഹ പി.എസ് മെഡിക്കൽ ഓഫീസർ (ഹോമിയോ)	ചീഫ് മെഡിക്കൽ ഓഫീസർ, ഹോമിയോ ഡിസ്പെൻസറി, പട്ടണക്കാട്	ശ്രീചിത്തിര കോമന പി.ഒ, അമ്പലപ്പുഴ.
ഡോ.ഉണ്ണികൃഷ്ണൻ വെറ്ററിനറി സർജൻ	വെറ്ററിനറി സർജൻ, വെറ്ററിനറി ഹോസ്പിറ്റൽ, പട്ടണക്കാട്	ജി.എ ഗോൾഡൻ ഗെയിറ്റ് മൂലേപ്പാടം റോഡ്, വാഴക്കാല, കാക്കനാട്.
ദീപ്തി എം.ബി	അക്രഡിറ്റഡ് എഞ്ചിനീയർ, പട്ടണക്കാട്	മാത്തുക്കട നികർത്ത്, പട്ടണക്കാട് പി.ഒ, ചേർത്തല
വിനീത്.എൻ. ഡയറി ഫാം ഇൻസ്ട്രക്ടർ	ഡയറി ഫാം ഇൻസ്ട്രക്ടർ പട്ടണക്കാട്	ലക്ഷ്മണൻ പറമ്പ്, തോട്ടപ്പള്ളി.പി.ഒ, ആലപ്പുഴ

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം
1997-98 ചെലവ്	എൽ.എഫ്.എ5-1832/2011/17.01.2012
2002-03	കെ.എസ്.എ-എ.എൽ.പി-പി2-1225/2022/05.05.2023
2003-04	കെ.എസ്.എ-എ.എൽ.പി-പി2-1225/2022/05.05.2023
2004-05	എൽ.എഫ്.എ5-1832/2011/17.01.2012
2005-06	എൽ.എഫ്.എ5-1832/2011/17.01.2012
2006-07	എൽ.എഫ്.എ8-49/10/18.10.10/10.11.10

2007-08	കെ.എസ്.എ-എ.എൽ.പി-പി2-1225/2022/05.05.2023
2008-09	കെ.എസ്.എ-എ.എൽ.പി-പി2-1225/2022/05.05.2023
2009-10	കെ.എസ്.എ-എ.എൽ.പി-പി2-1225/2022/05.05.2023
2010-11, 2011-12	കെ.എസ്.എ-എ.എൽ.പി-പി2-1225/2022/05.05.2023
2012-13	കെ.എസ്.എ-എ.എൽ.പി-പി2-1225/2022/05.05.2023
2013-14	കെ.എസ്.എ-എ.എൽ.പി-പി2-1225/2022/05.05.2023
2014-15	കെ.എസ്.എ എ.എൽ.പി./പി.2-617/16/09.06.2016
2015-16	കെ.എസ്.എ/എ.എൽ.പി/പി2/1254/16/14.11.2016
2016-17	കെ.എസ്.എ-എ.എൽ.പി-പി2-1225/2022/05.05.2023
2017-18	കെ.എസ്.എ-എ.എൽ.പി-പി2-1225/2022/05.05.2023
2018-19	കെ.എസ്.എ-എ.എൽ.പി-പി2-1225/2022/05.05.2023
2019-20	കെ.എസ്.എ.എ.എൽ.പി-പി2-344/21/12.4.21
2020-21	കെ.എസ്.എ.എ.എൽ.പി-പി2-194/22/6.05.22
2021-22	കെ.എസ്.എ.എ.എൽ.പി-പി2-1370/22/4.11.22

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 2 dated 2 dated 19-07-2023 and submitted on 20-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Pattanakkad Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that

my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Pattanakkad Grama Panchayat for the year 2022-2023

Date: 03/10/2023 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Pattanakkad Grama Panchayat for the Year 2022-2023.

1.Major Observations

Nil

2.Other Observations

1. The following mandatory financial statements prescribed in accounting rules are not submitted for audit

a). Ratios

b). Notes to accounts

2. Cash flow statement- Net increase/decrease in cash flow does not match with the difference between the opening balance and closing balance of cash and cash aquivalents.

3. The following registers does not match with accounts

a) Appropriation control Register- Develeopment fund General

b) Appropriation control Register- Develeopment fund SCP

c) Appropriation control Register- Maintenance fund- Non Road

d) Register of Profession Tax Traders

4. Lapses in making timely and accurate demand entries in respect of tax and non tax revenue.

5. Payment voucher misclasification-Advance given to Kerala water authority has not been booked in proper head of account

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്